# എളൂക്കാലാശാഖ

മൂശാരിയേട്ടു പൈലോയുടെ രണ്ടാമത്തെ പുത്രനായ ഔസേപ്പ് 1866 ൽ ജനിച്ചു. പ്രാദേശികമായി ലഭിക്കാമായിരുന്ന വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ആയുർവ്വേദ ചികിത്സയിൽ അറിവു നേടി. പ്രസ്തുത ചികിത്സയിൽ തന്റെ പിതാവിനുണ്ടായിരുന്ന അറിവും സിദ്ധിയും അദ്ദേഹത്തിനു ലഭിച്ചു. ഈ രംഗത്തു കിട്ടാവുന്നത്ര അറിവു സമ്പാദിക്കാൻ ഇദ്ദേഹം ശ്രമിച്ചിരുന്നു. സംസ്കൃത താളിയോലഗ്രന്ഥങ്ങളെപ്പോലും ഇതിനായി ആശ്രയിച്ചിരുന്നു. ഇന്നത്തെപ്പോലെ ആശുപത്രികളോ ചികിത്സാസൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലഘട്ടത്തിൽ ഇദ്ദേഹത്തെപ്പോലുള്ളവരുടെ സേവനം എത്രമാത്രം ആവശ്യമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കലാസാംസ്കാരികരംഗങ്ങളിലും പൊതുപ്രവർത്തന രംഗങ്ങളിലും അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നതായി അറിയാം. വിവിധ രംഗങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ സേവനം അനുഷ്ഠിച്ചിരുന്നതിനാൽ വിശ്രമമില്ലാത്ത ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മറ്റു രംഗങ്ങളിൽ വളരെയധികം തിരക്കുണ്ടായിരുന്നെങ്കിലും കുടുംബ കാര്യങ്ങളിലും മറ്റും ശ്രദ്ധാലുവായിരുന്നു. സഹോദരങ്ങളുമായി സൗഹൃദത്തിൽ കഴിയുന്നതിനും മക്കളെ മാതൃകാപരമായി വളർത്തുന്നതിനും യഥാകാലം അവർക്കു ചേർന്ന അന്തസ്സിൽ പ്രവേശിപ്പിക്കുന്നതിലും നിഷ്കർഷയുണ്ടായിരുന്നു അദ്ദേഹത്തിന്. കടപ്ലാമറ്റം മാറിടത്തു കുറുവാച്ചിറവീട്ടിൽ അന്നമ്മയായിരുന്നു ഭാര്യ. അന്നമ്മ 1932 നവംബർ 14-ാം തീയതി നിര്യാതയായി. തുടർന്നു ഭക്തികാര്യങ്ങളിൽ കൂടുതൽ സമയം മുഴുകി ജീവിച്ചുപോന്നു. ഈ കാലഘട്ടത്തിലും മർമ്മചികിത്സാ രംഗത്തു തനിക്കുണ്ടായിരുന്ന കഴിവു മനസ്സിലാക്കി സഹായം തേടി വരുന്നവരെ നിരാശപ്പെടുത്തിയിരുന്നില്ല. 1948 ജൂലായ് മാസം ഒന്നാം തീയതി അദ്ദേഹം മൂത്തപുത്രൻ കുഞ്ഞിന്റെ തുണ്ടത്തിലേട്ടുവസതിയിൽ വച്ചു നിത്യനിദ്രയിലാണ്ടു.

ഔസേപ്പിന്റയും ഭാര്യ അന്നമ്മയുടെയും ഭൗതികാവശിഷ്ടം കൂട ല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇവർക്ക് അഞ്ചാണും ഒരു പെണ്ണും മക്കളുണ്ടായി.

1. പൈലോ 2. അന്നമ്മ 3. ചാക്കോ
4. തോമസ് 5. സെബാസ്റ്റ്യൻ 6. എബ്രഹാം.

## 1 പൈലോ :

എളൂക്കാലായിൽ ഔസേപ്പിന്റെ സീമന്തപുത്രനായ കുഞ്ഞ് എന്നു വിളിക്കുന്ന പൈലോ 1888 സെപ്റ്റംബർ മാസം 18-ാം തീയതി ജനിച്ചു. വിദ്യാഭ്യാസാനന്തരം കൃഷിയിലും കച്ചവടത്തിലും ഏർപ്പെ ട്ടു. കടപ്പൂര് പടികരകുടുംബത്തിലെ ത്രേസ്യയായിരുന്നു ഭാര്യ. കുഞ്ഞ് കടപ്പൂര് തുണ്ടത്തിലേട്ടുകുടുംബം സ്വന്തമായി വാങ്ങി വീട് പണി യിച്ചു. കുടുംബസമേതം 1918ൽ താമസം തുടങ്ങി. പിതാവിന്റെ അനു ഗ്രഹവും സഹകരണവും ഇക്കാര്യത്തിൽ പൈലോക്കു ലഭിച്ചിരു ന്നു. വീട്ടിലെ കാര്യങ്ങളും കൃഷിയും സമർത്ഥമായി കൈകാര്യം ചെയ്യാനുള്ള ഭാര്യയുടെ കഴിവ് ഒരു വലിയ നേട്ടമായി ഇദ്ദേഹം കരുതിയിരുന്നു. പിതാവിന്റെയും പിതൃസഹോദരന്മാരുടെയും കുടും ബകാര്യങ്ങളിൽ അതീവശ്രദ്ധാലുവായിരുന്നതിനാൽ പിതൃനിരയി ലുള്ളവർക്കും സഹോദരങ്ങൾക്കും ഇദ്ദേഹത്തോടു താൽപര്യമാ യിരുന്നു. ബ. മൂശാരിയേട്ടു സെബാസ്റ്റ്യനച്ചനെ സെമിനാരിയിൽ അയയ്ക്കുന്നതിനും അദ്ദേഹത്തിന്റെ പഠനത്തിനുവേണ്ട പ്രചോ ദനം നൽകുന്നതിനും കുഞ്ഞേട്ടനുണ്ടായിരുന്ന താൽപര്യം അച്ചൻ തന്നെ എടുത്തു പറഞ്ഞിട്ടുണ്ട്. അനുജന്മാരുടെ വിദ്യാഭ്യാസകാ ര്യത്തിലും ആവശ്യമായ ഉപദേശവും സഹായവും ചെയ്തിരുന്ന തിനാൽ എല്ലാവർക്കും പ്രിയങ്കരനായി കുഞ്ഞേട്ടൻ. അനുജൻ സെബാസ്റ്റ്യനെ വൈദ്യകലാനിധി പഠിക്കുന്നതിലേക്കായി അയ ച്ചതും വൈദ്യശാല ആരംഭിക്കുന്നതിനു മുൻപന്തിയിൽ നിന്നു സഹായിച്ചതും ഇദ്ദേഹമാണ്. വീട്ടുകാരുടെ കാര്യത്തിലെന്നപോലെ പൊതുകാര്യങ്ങളിലും തൽപരനായിരുന്ന പൈലോ പള്ളിയിലെ ധനപരമായ റിക്കാർഡുകൾ എഴുതുന്നതിനും നിയുക്തനായി. യശ:ശരീരനായ ബ. വടാന മത്തായിയച്ചൻ കണക്കുകാര്യങ്ങളിലും കൃത്യനിഷ്ഠയിലും കുഞ്ഞേട്ടനെ വെല്ലാൻ ആരും ഉണ്ടായിരുന്നി ല്ലെന്ന് ഒരിക്കൽ പറയുകയുണ്ടായി.



തുണ്ടത്തിലേട്ട് പൈലോയും (കുഞ്ഞ്) ഭാര്യ ത്രേസ്യായും

കച്ചവടത്തിൽ തൽപരനായിരുന്ന കുഞ്ഞേട്ടൻ പല കച്ച വടങ്ങളും നടത്തി നോക്കി. നെയ്ത്ത്, സ്റ്റേഷനറി, തടിക്കച്ചവടം, ഫർണിച്ചർ വ്യാപാരം എന്നിങ്ങനെ പലതും. ഒന്നിലും വിജയം കണ്ടെത്താൻ ആയില്ല. കിഴക്കേത്തൊട്ടിയിൽ പൈലോയും വലി യപറമ്പിൽ തോമസും പങ്കാളികളായി കൂടല്ലൂർ ചന്തയിൽ നടത്തിയ പലചരക്കുകച്ചവടവും പരാജയമായി. ഋണബാദ്ധ്യതമൂലം കിടപ്പാടം വരെ നഷ്ടപ്പെടുമെന്ന സ്ഥിതിയിലായി. ഇതേത്തുടർന്നു കേസു കൾ അനവധിയുണ്ടായി. ഈ അവസരത്തലിൽ മാതൃസഹോദരി പുത്രനായ അഡ്വ. ഡേവിഡ് മഹാപിള്ള മുതിരക്കാലാ, മരങ്ങാട്ടു പള്ളി നിയമപരമായ സഹായവുമായെത്തി. കേസുകൾ മദ്ധ്യസ്ഥ തയിൽ തീർക്കുന്നതിനും ആവശ്യമായവയ്ക്കു കോടതിയിൽ പോയി വാദിക്കുന്നതിനും തക്കസമയത്തു കടങ്ങൾ തവണകളായി വീട്ടുന്നതിനും വേണ്ട ഉപദേശങ്ങൾ നൽകിയും സഹായിച്ചു. തന്റെ പിതൃസഹോദരീപുത്രൻ കൊല്ലിത്താനത്തു പൈലിയുടെ സഹക രണത്തോടെ കൂടല്ലൂർച്ചന്തയിൽ ഒരു ജൗളിക്കട ആരംഭിച്ചു. ഈ കച്ചവടം അദ്ദേഹത്ത അഭിവൃദ്ധിപ്പെടുത്തി. മക്കളിൽ ഒരുവനായ മാണിക്കു പട്ടാളത്തിൽ ജോലി ലഭിച്ചു. കച്ചവടത്തിലുണ്ടായ നേട്ടം,


കൃഷിക്കാര്യങ്ങളിൽ മക്കളും ഭാര്യയും ചേർന്നുള്ള പരിശ്രമം, മകന്റെ ശമ്പളം എല്ലാം കൂടി ചേർന്നപ്പോൾ അതുവരെയുണ്ടായ കെടുതി കളെല്ലാം മാറി ശ്രേയസ്കരമായ ജീവിതത്തിലെത്താൻ അദ്ദേഹ ത്തിനു കഴിഞ്ഞു. വിശ്രമം ആവശ്യമെന്നു തോന്നിയപ്പോൾ മൂന്നാ മത്തെ മകൻ പാപ്പുവിനെ ജൗളിക്കടയുടെ ചുമതലയേൽപ്പിച്ചു. 1955 ൽ കാഞ്ഞിരക്കാട്ടുപുരയിടത്തിലെ പീടികക്കെട്ടിടം വാസയോഗ്യ മാക്കി ഭാര്യ ത്രേസ്യായും മൂത്തമകൾ ചിന്നമ്മയും ഇളയമകൻ തോമ സുമൊപ്പം അവിടെ താമസമാക്കി. ഇളയമകന്റെ പൂർണ്ണസംരക്ഷ ണയിലായ പൈലോ 1962 ജനുവരി മാസം 18നും ഭാര്യ ത്രേസ്യാ 1973 നവംബർ മാസം 18നും പരലോകപ്രാപ്തരായി. ഇരുവരെയും കൂടല്ലൂർ സെന്റ് ജോസഫ് പള്ളി കുടുംബകല്ലറയിൽ സംസ്കരി ച്ചു. പൈലോ-ത്രേസ്യാ ദമ്പതികൾക്കു നാല് ആൺമക്കളും അഞ്ചുപെൺമക്കളുമുണ്ടായി.

| | | |
|---|---|---|
| 1 ജോസഫ് | 2 അന്നമ്മ | 3 ത്രേസ്യാ |
| 4 മാണി | 5 സെബാസ്റ്റ്യൻ | 6 മറിയാമ്മ |
| 7 കത്രി | 8 ഏലിയാമ്മ | 9 തോമസ് |

## 1. ജോസഫ്

തുണ്ടത്തിലേട്ടു കാക്കി എന്നുവിളിച്ചിരുന്ന ജോസഫ് 1913 ജൂലൈമാസം 22-ാം തീയതി ജനിച്ചു. വയലാ ഗവൺമെന്റു മല യാളം സ്കൂളിൽ ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്നു പിതാവിന്റെ പ്രവർത്തനങ്ങളിൽ സഹായിച്ചുപോന്നു. കുറ ച്ചുകാലം വേദപാഠാദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടല്ലൂർ കുറിച്ചിയേൽ ജോസഫ് മറിയം മകൾ കത്രിയെ വിവാഹം ചെയ്തു. 1992 ജൂലായ് മാസം 20ന് ജോസഫും 2012 ഡിസംബർ 17 ന് കത്രി 99-ാം വയസ്സിലും നിര്യതരായി. ഇതുവരെയും കൂടല്ലൂർ സെന്റ്. ജോസഫ് പള്ളിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. ജോസഫ് കത്രി ദമ്പതികൾക്കു നാലാണും ഒരു പെണ്ണും മക്കളു ണ്ടായി.

1. ത്രേസ്യാ 2 പോൾ 3 ജോസഫ് 4 തോമസ് 5 സെബാസ്റ്റ്യൻസ്റ്റ്യൻ



തുണ്ടത്തിലേട്ട് ജോസഫും (കാക്കി) ഭാര്യ കത്രിയും

**1 ത്രേസ്യാ :** ത്രേസ്യാക്കുട്ടി എന്നു വിളിക്കുന്ന ത്രേസ്യാ 1942 സെപ്റ്റംബറിൽ ജനിച്ചു. ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായി ഉടനെ ഭരണങ്ങാനം ആർക്കാട് ഇട്ടീരാ-ഏലി മകൻ ജോസഫ് വിവാഹം ചെയ്തു. ജോസഫ് നീലേശ്വരം ട്രെയിനിംഗ് സ്കൂൾ അദ്ധ്യാപകനായിരുന്നു. ത്രേസ്യാക്കുട്ടിക്കും അവിടെത്തന്നെ ജോലി ലഭിക്കുകയും കുടുംബസമേതം അവിടെ താമസിക്കുകയും ചെയ്തു. ജോസഫ് 2012 ജനുവരി 21 ന് നിര്യാതനായി. ഇവർക്ക് രണ്ടു പെൺമക്കളാണുള്ളത്.

**2. ഫാ. പോൾ :** ഫാ. പോൾ തുണ്ടത്തിലേട്ട് 1947 സെപ്റ്റം ബർ മാസം 13 നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപഠനത്തിനായി 1962 ജൂണിൽ തലശേരി മൈനർ സെമി നാരിയിൽ ചേർന്നു കാർമ്മൽ ഗിരി, മംഗലപ്പുഴ സെമിനാരികളിൽ തത്ത്വശാസ്ത്ര, ദൈവശാസ്ത്രപഠനത്തിനുശേഷം സ്വന്തം ഇടവ കയായ കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിൽ വച്ചു തലശേരി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയിൽ നിന്ന് 1972 ഡിസം ബർ 19ാം തീയതി വൈദികപട്ടം സ്വീകരിച്ചു. പിന്നീടു ആലക്കോട് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ അസി. വികാരിയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് രൂപതവകയായുള്ള കുന്നോത്ത് എസ്റ്റേറ്റിൽ അസി. മാനേജരായി നിയമിതനായി, 1977 ൽ ദേവഗിരി സെന്റ് ജോസഫ് കോളേജിൽ ചേർന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടി. ഉടനെ ബിഷപ്പ് വള്ളോപ്പള്ളിയുടെ സെക്ര

ട്ടറിയായി നിയമിതനായി. 1986 ൽ താമരശേരി രൂപത നിലവിൽ വരുകയും മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പ്രഥമമെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു. നാലരവർഷക്കാലം ജോലിനോക്കിയ ശേഷം മരീയാപുരം ഫാത്തിമ മാതാ ഫെറോനാപ്പള്ളിയിൽ എപ്പിസ്കോപ്പൽ വികാരിയായി ജോലിനോക്കി. ഫാ. പോൾ മൂശാരിയേട്ട് (തുണ്ടത്തിലേട്ട്) 2006 ജൂലൈ 17ന് നിര്യാതനായി 20ന് കൂടല്ലൂർ ജോസഫ് പള്ളിയിൽ സംസ്കരിച്ചു.



ഫാ. പോൾ മൂശാരിയേട്ട് (തുണ്ടത്തിലേട്ട് )

**3 ജോസഫ്** : ബാലൻ എന്നു വിളിക്കുന്ന ജോസഫ് 1950ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസ്തതിനു ശേഷം ബാംഗളൂർ സെന്റ് മാർത്താസ് ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള നഴ്സിംഗ്സ്കൂളിൽ B.Sc നേഴ്സിംഗിനു പോകുകയും പ്രസ്തുത കോഴ്സ് ഒന്നാം റാങ്കോടുകൂടി പാസ്സാകുകയും ചെയ്തു. തുടർന്നു ബാംഗ്ലൂർ

NIMHANS ഹോസ്പിറ്റലിൽ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ്) ജോലി ലഭിച്ചു. ഏതാനും വർഷം അവിടെ ജോലിയിൽ തുടർന്നു. ഇക്കാലയളവിൽ പെരിങ്ങളം കൊട്ടാരത്തിൽ ആന്റണി ഏലിക്കുട്ടി ദമ്പതികളുടെ മകൾ എത്സമ്മയെ വിവാഹം ചെയ്തു. എത്സമ്മയും നഴ്സാണ്. വിവാഹാനന്തരം ബാലനും എത്സമ്മയും ഉദ്യോഗാർത്ഥം സാമ്പിയായിലേക്കു പോയി. മൂന്നു വർഷത്തോളം അവിടെ ജോലി ചെയ്തു. അവിടെ നിന്നു തിരികെ വന്നു വെല്ലൂർ മെഡിക്കൽകോളേജിൽ രണ്ടുവർഷം രണ്ടുപേരും ജോലി ചെയ്തു. വെല്ലൂരിൽ ജോലിയിലിരിയ്ക്കെ മസ്ക്കറ്റിലേക്കു പോകുകയും ഒൻപതുവർഷക്കാലം അവിടെ ജോലിയിൽ തുടരുകയും ചെയ്തു. 1994 ൽ ജോലിയിൽ നിന്നു വിരമിച്ചു കാസർകോടു ജില്ലയിൽ നീലേശ്വരം പട്ടണക്കാട് എന്ന സ്ഥലത്തു മൂശാരിയേട്ട് എന്ന വീട്ടുപേരിൽ ഒരു നല്ല പ്ലാന്ററായി കുടുംബസമേതം കഴിയുന്നു. ഈ ദമ്പതികൾക്കു മൂന്നു മക്കളുണ്ട്.

1 താര 2 റിക്സ് 3 ഡെറിക്



തുണ്ടത്തിലേട്ട് (മൂശാരിയേട്ട്) ജോസഫും (ബാലൻ) കുടുംബവും (നീലേശ്വരം)

1. താര : 1979 ൽ ജനിച്ചു. ബിരുദം നേടിയ ശേഷം മാവേലിക്കര സ്വദേശി സതീഷിനെ വിവാഹം ചെയ്തു. കുടുംബസമേതം അമേരിക്കയിൽ താമസിക്കുന്നു.

2. റിക്സ് : 1982ൽ ജനിച്ചു. ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്നു.

3. ഡെറിക് : 1983 നവംബർ 13ന് ജനിച്ചു. എറണാകുളം സ്വദേശി ജെയ്സിനെ വിവാഹം ചെയ്ത് അമേരിക്കയിൽ താമസിക്കുന്നു.

**4 തോമസ് :** അപ്പച്ചൻ എന്നു വിളിക്കുന്ന തോമസ് 1955 ഏപ്രിൽ മാസത്തിൽ ഇരട്ടകളിൽ മുമ്പനായി ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമാ കോഴ്സ് പാസ്സായി. താമസിയാതെ നീലഗിരിയിൽ പള്ളത്തുവീട്ടിൽ പോൾ-കത്രീനാ ദമ്പതികളുടെ മകൾ സെലിനെ വിവാഹം ചെയ്തു. നീലഗിരിയിൽ കൃഷിക്കാര്യങ്ങളിൽ ഏർപ്പെട്ടുകഴിയുന്നു. സെലിൻ നീലഗിരിയിൽ തന്നെ ഗവൺമെന്റുസ്കൂളിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കളുണ്ട്..



തുണ്ടത്തിലേട്ട് ടി.ജെ. തോമസും കുടുംബവും (നീലഗിരി)

1 ജോസഫ് : ജോസഫ് എന്നു വിളിക്കന്ന ജോസുകുട്ടി 1991 നവംബറിൽ ജനിച്ചു. എയറോനോട്ടിക് എഞ്ചിനീയറിംഗിനുശേഷം ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

2 പോൾ : ബി.കോമിന് പഠിക്കുന്നു.

**5 സെബാസ്റ്റ്യൻ:** തങ്കച്ചനെന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 1955 ഏപ്രിൽ മാസത്തിൽ ഇരട്ടകളിൽ ഇളയവനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിക്കാര്യങ്ങളിൽ പിതാവിനെ സഹായിച്ചുപോന്നു. 1985 ഏപ്രിൽ മാസം 25നു വെട്ടിമുകൾ ഇടവക വാക്കത്തു മാലിൽ ദേവസ്യാ-ഏലി മകൾ എലിസബത്തിനെ (ലിസി) വിവാഹം കഴിച്ചു. സെബാസ്റ്റ്യൻ മീനച്ചിൽ റബർ മാർക്ക

റ്റിംഗ് സൊസൈറ്റിയുടെ വട്ടുകുളത്തുള്ള റബർപ്പാൽ സംഭരണകേന്ദ്രത്തിൽ കളക്ഷൻ ഏജന്റായും അതോടൊപ്പം കാണക്കാരിയിൽ ഏഞ്ചൽ ഫാഷൻസ് എന്ന പേരിൽ വസ്ത്ര വ്യാപാരസ്ഥാപനവും, തുണ്ടത്തിലേട്ട് റബ്ബർ ട്രേഡേഴ്സ് എന്ന പേരിൽ വ്യാപാരസ്ഥാപനവും നടത്തിവരുന്നു. ഭാര്യ ലിസ്സി കോട്ടയം ജില്ലാ വ്യാപാരി വ്യവസായി സമിതിയുടെ ജോയിന്റ് സെക്രട്ടറിയായും കാണക്കാരി വ്യാപാരി യൂണിറ്റിന്റെ വനിതാവിംഗ് പ്രസിഡന്റായും പ്രവർത്തിച്ചു വരുന്നു. ഇവർക്കുരണ്ടു മക്കളുണ്ട്.

1 ഡോണി 2 ഡാർലി



തുണ്ടത്തിലേട്ട് സെബാസ്റ്റ്യനും (തങ്കച്ചൻ) കുടുംബവും

1. ഡോണി - ഡോണി 05.12.1987ൽ ജനിച്ചു. ഗ്വാളിയറിൽ നിന്നും ബി.എസ്.സി നഴ്സിംഗ് പഠിച്ചതിനുശേഷം ത്രിപുര യൂണിവേഴ്സിറ്റിയിൽ നിന്നും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ വിത്ത് എം.ബി.എ ബിരുദവും എടുത്ത് ദുബായിൽ പോലീസ് ആംബുലൻസിൽ എമർജൻസി മെഡിക്കൽ ടെക്നീഷ്യനായി ജോലി നോക്കുന്നു. ഡോണി കുടമാളൂർ സെന്റ് മേരീസ് ഫോറോന ഇടവക മണ്ണൂശ്ശേരിൽ എം.ജെ തോമസ്-ഏലിയാമ്മ ദമ്പതികളുടെ മകളായ ജെയ്സിനെ 15.2.2014 ൽ വിവാഹം കഴിച്ചു.ജെയ്സ് ദുബായിൽ സുലേഹ ഹോസ്പിറ്റലിൽ നഴ്സായി ജോലി നോക്കുന്നു.

2. ഡാർലി - 14.12.1989 ൽ ജനിച്ചു ഹൈദരാബാദിലെ എം.എൻ.ആർ മെഡിക്കൽ കോളേജിൽ നിന്നും ബി.എസ്.സി നഴ്സിംഗ് ബിരുദം എടുത്തു. ഇപ്പോൾ പൂനയിലെ ഡീനത്ത് നാഥ് മംഗേഷ്കർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ജോലി നോക്കുന്നു.

## 2) അന്നമ്മ

ചിന്നമ്മ എന്നു വിളിക്കുന്ന അന്നമ്മ തുണ്ടത്തിലേട്ട് പൈലോയുടെ മക്കളിൽ രണ്ടാമത്തെ ആളാണ്. പ്രൈമറി വിദ്യാഭ്യാസകാലത്തു തന്നെ വിവാഹം നടന്നു. കുറവിലങ്ങാട് ഇടവക കളത്തൂർ കരയിൽ മുടവനാൽ കൊച്ചുകുട്ടി എന്നു വിളിക്കുന്ന ഉലഹന്നൻ ആയിരുന്നു ഭർത്താവ്. ആ വിവാഹബന്ധം അധികനാൾ നീണ്ടുനിന്നില്ല. പിന്നീടു മാതാപിതാക്കളോടൊപ്പം താമസിച്ചുവന്ന ചിന്നമ്മ അവരുടെ മരണാനന്തരം ഇളയസഹോദരൻ തോമസിന്റെ സംരക്ഷണയിൽ കഴിഞ്ഞു. 1975 ഒക്ടോബർ 19-ാം തീയതി അന്തരിച്ചു. മാതാപിതാക്കളോടൊപ്പം കൂടല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

**3) ത്രേസ്യാമ്മ -** കുട്ടമ്മ എന്നു വിളിച്ചിരുന്ന ത്രേസ്യാമ്മ തുണ്ടത്തിലേട്ടു പൈലോയുടെ മക്കളിൽ മൂന്നാമത്തെ ആളാണ്. മുത്തോലപുരം കണ്ണീറ്റുകണ്ടത്തിൽ കെ. ജെ. ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രൻ ജനിച്ചു. കുഞ്ഞപ്പി എന്നു ഓമനപ്പേരുള്ള ജോസഫിന് ഒന്നരവയസ്സുള്ളപ്പോൾ കുട്ടമ്മ മരിച്ചു.

**4) മാണി** : കുഞ്ഞുമാണി എന്നു വിളിച്ചിരുന്ന മാണി തുണ്ടത്തിലേട്ടു പൈലോയുടെ മക്കളിൽ നാലാമനാണ്. 1920 നംവബർ മാസം 22നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം രണ്ടാം ലോകമഹായുദ്ധകാലത്തു 1942 നവംബർ മാസം 11നു റോയൽ ഇന്ത്യൻ ആർമിസർവ്വീസ് കോറിൽ ചേർന്നു. സപ്ലൈ സംബന്ധമായ പരിശീലനവും ആയുധപരിശീലനവും ലഭിച്ചു. തുടർന്നു ഗോഹട്ടി, ബർമ്മ തുടങ്ങി പല സ്ഥലങ്ങളിലും സേവനം അനുഷ്ഠിച്ചു. രണ്ടാം ലോകമഹായുദ്ധകാലാനന്തരം സ്വതന്ത്ര ഇന്ത്യയിൽ മിക്കവാറും എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും ജോലി ചെയ്തിരുന്നു. അങ്ങനെ 28 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സുബേദാർറാങ്കിൽ റിട്ടയർ ചെയ്തു. മികച്ച സേവനത്തിനുള്ള സർട്ടിഫിക്കറ്റുകളും വിവിധ വാർമെഡലുകളും മാണിക്കു ലഭിച്ചിട്ടുണ്ട്. 1948 ജൂൺ മാസം 16-ാം തീയതി പട്ടിത്താനം പുത്തൻപുരയിൽ ചെറിയാൻ റോസമ്മ മകൾ ത്രേസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു രണ്ടാൺമക്കളും രണ്ടു പെൺമക്കളുമുണ്ട്.



തുണ്ടത്തിലേട്ട് മാണിയും ഭാര്യ ത്രേസ്യായും

1. ജാൻസി 2 റോസമ്മ 3 പോൾ 4 ചെറിയാൻ

**1 ജാൻസി** 1950 നവംബർ 15-ാം തീയതി ജനിച്ചു. B.A. ഡിഗ്രി പാസായി. കടപ്ലാമറ്റം കരയിൽ കടിയംകുറ്റിയിൽ ജോസഫിന്റെ മകൻ ജോസഫ് വിവാഹം ചെയ്തു. ജോസഫ് കുറവിലങ്ങാട് ദേവമാതാ കോളേജിൽ സുവോളജി പ്രൊഫസർ ആയിരുന്നു. ഇവർ ജാൻസിയുടെ മാതൃസഹോദരി പ്രൊഫസർ മറിയാമ്മയോടൊത്ത് പട്ടിത്താനത്തു ഗിരിഭവനിൽ താമസിക്കുന്നു.

**2. റോസമ്മ** റോസിലിൻ എന്നു വിളിക്കുന്ന റോസമ്മ 1952 സെപ്റ്റംബർ 16-ാം തീയതി ജനിച്ചു. കോളേജ് വിദ്യാഭ്യാസ കാലത്തു തന്നെ വിവാഹിതയായി. തമ്പലക്കാട്ടു കട്ടിക്കാരൻ ജോൺ തര്യനാണു ഭർത്താവ്. ജോൺ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ മാനേജരായി റിട്ടയർ ചെയ്തു.



തുണ്ടത്തിലേട്ട് മാണിയും കുടുംബവും

**3. പോൾ മാണി** : രാജു എന്നു വിളിക്കുന്ന പോൾ മാണി 1960 ജൂൺ മാസം 26–ാം തീയതി ജനിച്ചു. കൊമേഴ്സിൽ ബിരുദാനന്തരബിരുദധാരിയായ രാജു ജെ. ഡി. സിയും പാസ്സായിട്ടുണ്ട്. 1988 മെയ്മാസം 22നു കളത്തൂർ കുറ്റിലേട്ടു ജോസഫ് ഏലിയാമ്മ മകൾ ബീന എന്നുവിളിക്കുന്ന റോസമ്മയെ വിവാഹം ചെയ്തു. രാജു കൃഷിയിൽ ഏർപ്പെട്ടുകഴിയുന്നു. കാരൂർ പുരയിടത്തിൽ പുതിയ വീടുപണിതു താമസിക്കുന്നു. രാജു – ബീന ദമ്പതികൾക്കു മൂന്നു പെൺമക്കൾ ഉണ്ട്.

1 സോണിയ 2 എലിസബത്ത് 3 റോസി

**1 സോണിയ :** എന്നു വിളിക്കുന്ന ത്രേസ്യ 24.2 1989ൽ ജനിച്ചു. എഞ്ചിനീയറിംഗ് ബിരുദാനന്തരബിരുദം (M.Tech Computer Science) നേടിയതിനു ശേഷം ഇപ്പോൾ പോളിടെക്നിക്കിൽ പഠിപ്പിക്കുന്നു.

**2 എലിസബത്ത് :** എലിസബത്ത് 20.10.1991ൽ ജനിച്ചു. ഇപ്പോൾ MBBS അവസാനവർഷ വിദ്യാർത്ഥിനിയാണ്.

**3 റോസി :** റോസ്മേരി പോൾ 1.6.1998 ന് ജനിച്ചു. ഇപ്പോൾ പ്ലസ്ടുവിന് പഠിക്കുന്നു.

**4. ചെറിയാൻ :** തുണ്ടത്തിലേട്ടു മാണിയുടെ ഇളയമകനായ ചെറിയാൻ 1964 നവംബർ മാസം 16–ാം തീയതി ജനിച്ചു. രസതന്ത്രത്തിൽ ബിരുദധാരിയായ ചെറിയാൻ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമാ ഇൻ കംപ്യൂട്ടർ സയൻസും പാസായിട്ടുണ്ട്. പിതാവിനോടൊപ്പം കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയവെ 1995 മെയ് മാസം 11–ാം തീയതി പൂവരണി ഇടവക കുമ്പളന്താനത്ത് ചാക്കോയുടെ മകൾ ഷാന്റിയെ വിവാഹം ചെയ്തു. ഇരുവരും തുണ്ടത്തിലേട്ടു താമസിക്കുന്നു. ഇപ്പോൾ വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്നു. രണ്ടുമക്കൾ മാനുവൽ, മെറിൻ.




തുണ്ടത്തിലേട്ട് ചെറിയാച്ചനും കുടുംബവും

1. മാനുവൽ 1996 മെയ് 6ന് ജനിച്ചു. ഇപ്പോൾ B.Tech ന് പഠിക്കുന്നു.

2. മെറിൻ 2001 ജൂലൈ 6 ന് ജനിച്ചു. ഇപ്പോൾ 9ൽ പഠിക്കുന്നു.

**5. സെബാസ്റ്റ്യൻ :** പാപ്പു എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ തുണ്ടത്തിലേട്ട് പൈലോയുടെ മക്കളിൽ അഞ്ചാമനാണ്. 1923 മാർച്ചുമാസം 7-ാം തീയതി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി. കൊങ്ങാണ്ടൂർ ഓലിക്കൽ തോമസ് അന്ന മകൾ ത്രേസ്യായെ വിവാഹം ചെയ്തു. 1958 വരെ കടപ്പൂരു താമസിച്ചു. ഈ കാലയളവിൽ കൂടല്ലൂർച്ചന്തയിൽ ജൗളിവ്യാപാരം നടത്തിയിരുന്നു. 1958 ൽ കട്ടപ്പനയിൽ താമസമാരംഭിച്ചു. കട്ടപ്പനയിൽ പലചരക്കുവ്യാപാരവും പിതൃസഹോദരീപുത്രൻ എൻ. എൽ. ജോസഫുമായി ചേർന്നു ജൗളീ വ്യാപാരവും നടത്തിയിരുന്നു. കട്ടപ്പനപ്രദേശത്തിന്റെ നാനവിധമായ വികസനത്തിനുവേണ്ടി മുൻനിരയിൽ നിന്നു പ്രവർത്തിച്ചു. കട്ടപ്പനപ്പള്ളിക്കും സ്കൂളിനുംവേണ്ടി തന്റെ പുരയിടത്തിലുണ്ടായിരുന്ന തടി മുഴുവനും സംഭാവനയായി നൽകി. പക്ഷാപാതം പിടിപെട്ടു ശയ്യാവലംബിയായിത്തീർന്ന പാപ്പു 1989 ആഗസ്റ്റ് 27-ാംതീയതി ഇഹലോകവാസം വെടിഞ്ഞു. പാപ്പു ത്രേസ്യാ ദമ്പതികൾക്കു നാലാണും മൂന്നു പെണ്ണും മക്കളുണ്ട്.



തുണ്ടത്തിലേട്ട് സെബാസ്റ്റ്യനും (പാപ്പു) ഭാര്യ ത്രേസ്യാമ്മയും

1. പോൾ 2. ത്രേസ്യാമ്മ 3. തോമസ്
4. അന്നമ്മ 5. മാണി 6. ജോസഫ് 7. മേരി.

**1. പോൾ** : ബേബി എന്നു വിളിക്കുന്ന പോൾ, പാപ്പു, ത്രേസ്യാ ദമ്പതികളുടെ മൂത്തമകനാണ്. 1947ൽ ജനിച്ചു. MA BEd. ബിരുദധാരിയാണ്. 1982 ൽ കട്ടപ്പന സെന്റ്ജോർജ്ജ് ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി ലഭിച്ചു. 1976 നവംബർമാസം 14-ാം തീയതി കൊട്ടാരക്കര കൈതത്തോട് കൊല്ലംവിളാകത്ത് പുത്തൻവീട്ടിൽ ജോൺ-റാഫേൽ മകൾ അന്നമ്മ (മണി) യെ വിവാഹം ചെയ്തു. ബിരുദധാരിയായ അന്നമ്മ വലിയ തോവാള ക്രിസ്തുരാജ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും ഹെഡ്മിസ്ട്രസായി റിട്ടയർ ചെയ്തു.ബേബി ഇടുക്കിജില്ലയിലെ കോൺഗ്രസ് (ഐ) യുടെ നേതൃനിരയിൽ പ്രവർത്തിക്കുന്നു. നല്ലൊരു വാഗ്മിയുമാണ്. ഈ ദമ്പതികൾക്കു മൂന്നു പുത്രിമാരുണ്ട്.



തുണ്ടത്തിലേട്ട് ബേബിയും (പോൾ) കുടുംബവും (കട്ടപ്പന)

1. ട്രീസ        2. റേയ്ച്ചൽ      3. ആൻപ്രിയ

1. ട്രീസ - ട്രീസ കട്ടപ്പന ഗവ. കോളജിൽ അദ്ധ്യാപികയാണ്. കോഴിക്കോട് മുഞ്ഞനാട്ട് വീട്ടിൽ എബി വിവാഹം ചെയ്തു.

2. റേയ്ച്ചൽ - റെയ്ച്ചൽ യുകെയിൽ ജോലി ചെയ്യുന്നു. എറണാകുളത്ത് ഞായല്ലൂർ വീട്ടിൽ സുനിൽ വിവാഹം ചെയ്തു.

3. ആൻപ്രിയ : ആൻപ്രിയ യു.എസ്.എയിൽ ഡോക്ടർ ആയി ജോലി ചെയ്യുന്നു. മൂലമറ്റം തുണ്ടത്തിൽ വീട്ടിൽ ജോവിൻ വിവാഹം ചെയ്തു.

**2. ത്രേസ്യാമ്മ** : പാപ്പു-ത്രേസ്യാ ദമ്പതികളുടെ പെൺമക്കളിൽ മൂത്തവളായ ഗ്രേസി എന്നു വിളിക്കുന്ന ത്രേസ്യാമ്മ 1951ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കാരിത്താസ് മാത്താശേരിൽ തോമസ് മാത്യു വിവാഹം ചെയ്തു. ഇദ്ദേഹം സഹകരണവകുപ്പിൽ ജോയിന്റ് രജിസ്ട്രാറായി റിട്ടയർ ചെയ്തു.

**3. തോമസ്** : തങ്കച്ചൻ എന്നുവിളിക്കുന്ന തോമസ് പാപ്പുവിന്റെ മക്കളിൽ മൂന്നാമനാണ്. 1956 ഡിസംബർ 14നു ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം സഹകരണ ഡിപ്ലോമ കോഴ്സ് പാസ്സായി കട്ടപ്പനയിൽ സ്വന്തമായി ലൂസിനാ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം നടത്തുന്നു. 1991ൽ അതിരമ്പുഴ തെങ്ങും തോട്ടത്തിൽ ലൂക്കായുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് കുട്ടികൾ ഉണ്ട്..

1 ട്രീസ- BSc. ക്ക് പഠിക്കുന്നു.

2 മെറിൻ - +2 വിന് പഠിക്കുന്നു.

3 സെബാസ്റ്റ്യൻ - 10-ാം ക്ലാസ്സിൽ പഠിക്കുന്നു.

**4. അന്നമ്മ** : ലൂസ്സി എന്നു വിളിക്കുന്ന അന്നമ്മ 1960ൽ ജനിച്ചു. ധനതത്ത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയിട്ടുണ്ട്. കാത്തലിക് സിറിയൻ ബാങ്കിൽ ജോലി ചെയ്യുന്നു. കൊഴുവനാൽ മറ്റത്തിൽ കുര്യാക്കോസിന്റെ പുത്രൻ മാനുവൽ വിവാഹം ചെയ്തു. മാനുവൽ ആവടി ഹെവി വെഹിക്കിൾ ഫാക്ടറിയിൽ റഷ്യൻ ഭാഷാ ട്രാൻസലേറ്ററാണ്.

**5. മാണി :** ബാബു എന്നു വിളിക്കുന്ന മാണി പാപ്പുവിന്റെ മക്കളിൽ അഞ്ചാമനാണ്. 1962ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാ

സത്തിനുശേഷം സഹകരണ ജൂണിയർ ഡിപ്ലോമാ കോഴ്സ് പാസ്സായി. തൃശ്ശൂർ പട്ടിക്കാട് നാലുകണ്ടത്തിൽ ജോസ്-റോസമ്മ ദമ്പതികളുടെ പുത്രിയായ ആൻസിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രിയുണ്ട്. ട്രീസ. ട്രീസ 10-ാം ക്ലാസ്സിൽ പഠിക്കുന്നു. ബാബു 2005ൽ മാതാവ് ത്രേസ്യായോടൊപ്പം കട്ടപ്പനയിൽ നിന്നും കടപ്പൂര് വന്ന് താമസമാക്കി. 2010 ജനുവരി 30-ാം തീയതി ത്രേസ്യാ ഇഹലോകവാസം വെടിഞ്ഞു. കൂടല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കാരം നടത്തി.

**6. ജോസഫ്** : സാബു എന്നു വിളിക്കുന്ന ജോസഫ് പാപ്പുവിന്റെ മക്കളിൽ ആറാമനാണ്. 1965ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം മലേഷ്യയിൽ ഇലക്ട്രീഷ്യനായി ജോലി നോക്കി. കോഴിക്കോട് മുക്കം കൊല്ലപറമ്പിൽ മേഴ്സിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരുപുത്രിയുണ്ട്. കുടുംബസമേതം കംബോഡിയയിൽ താമസിക്കുന്നു.

1. ദേവ തെരേസ: ദേവു എന്നു വിളിക്കുന്ന തെരേസ 11-ാം ക്ലാസിൽ പഠിക്കുന്നു.

**7. മേരി** : ബസ്സിമോൾ എന്നു വിളിക്കുന്ന മേരി 1968ൽ ജനിച്ചു. ചരിത്രത്തിൽ ബിരുദധാരിയാണ്. പൂഞ്ഞാർ അടിവാരം പേരുംകണ്ടത്തിൽ സജി വിവാഹം ചെയ്തു.

**6) മറിയാമ്മ :**

തുണ്ടത്തിലേട്ടു പൈലോയുടെ മക്കളിൽ ആറാമത്തെയാളായ മറിയാമ്മയെ കാഞ്ഞിരത്താനത്ത് കണ്ണാമ്പടത്തിൽ തോമസിന്റെ പുത്രൻ എബ്രഹാം (കുഞ്ഞ്) വിവാഹം ചെയ്തു. ഇപ്പോൾ മണ്ണാർകാട്ടു താമസിക്കുന്നു. ഇവരുടെ മകൻ ഫാ.ജോൺസൺ പാലക്കാട്ട് രൂപതയിൽ വൈദികനായി സേവനം അനുഷ്ഠിക്കുന്നു.

**7) കുട്ടിയമ്മ**

പൈലോയുടെ മക്കളിൽ ഏഴാമത്തവളായ കുട്ടിയമ്മ എന്നു വിളിക്കുന്ന കത്രിയെ കോതനല്ലൂർ ചീനോത്തുകാലായിൽ മാത്യു വിവാഹം ചെയ്തു. വില്ലേജാഫീസറായിരുന്ന മാത്യു സർവ്വീസിലിരിക്കെ മരണമടഞ്ഞു. ഇവർക്കു മൂന്നാണും ഒരുപെണ്ണും മക്കളായുണ്ട്.

**8) ഏലിയാമ്മ** (സിസ്റ്റർ ബർത്തില്ല)

തുണ്ടത്തിലേട്ടു പൈലോയുടെ പെൺമക്കളിൽ ഏറ്റം ഇളയവളായ ഏലിയാമ്മ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തമിഴ്നാട്ടിൽ സെന്റ് ജോസഫ് കോൺഗ്രിഗേഷനിൽ ചേർന്നു സന്യാസിനിയായി. അദ്ധ്യാപിക, ഹെഡ്മിസ്ട്രസ്, മദർ, ഉപദേശകസമിതി അംഗം തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിലും, മഠം തുടങ്ങിയ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിലും സമർത്ഥമായ നേതൃത്വം നൽകിയിട്ടുണ്ട്. സിസ്റ്റർ ബർത്തില്ല 1987 ജനുവരിയിൽ ഹൃദ്രോഗം മൂലം നിര്യാതയായി. മൈലാപ്പൂരിലെ സെന്റ് ജോസഫ് കോൺഗ്രിഗേഷൻ ആസ്ഥാനത്ത് അന്ത്യവിശ്രമം കൊള്ളുന്നു.

**9) തോമസ്**

തുണ്ടത്തിലേട്ടു പൈലോയുടെ ഇളയപുത്രനായ തോമ്മാച്ചൻ എന്നു വിളിക്കുന്ന തോമസ് 1935 ഏപ്രിൽമാസം 25-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം സെന്റ് ആൽബർട്ട് കോളേജിൽ ചേർന്നു പഠിച്ചു. ഇക്കാലഘട്ടത്തിൽ പിതാവ് പൈലോയോടൊപ്പം കാഞ്ഞിരക്കാട്ടു പുരയിടത്തിലെ പുഷ്പാലയത്തിലേക്കു തുണ്ടത്തിലേട്ടു നിന്നു താമസം മാറ്റി. മാതാപിതാക്കളുടെയും സഹോദരി ചിന്നമ്മയുടെയും സംരക്ഷണച്ചുമതല തോമസിൽ നിക്ഷിപ്തമായി. പിതാമഹന്റെ സഹോദരപുത്രനായ ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ടു സ്ഥാപിച്ചതും അദ്ദേഹത്തിന്റെ മാനജ്മെന്റിൽ പ്രവർത്തിച്ചിരുന്നതുമായ കൂട്ടിക്കൽ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ തോമസ് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു ഏഴുവർഷത്തിനുശേഷം കുറവിലങ്ങാട്ടു സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂളിലേക്കു മാറ്റം കിട്ടി. ഇവിടെ സേവനം അനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിൽ 1971ൽ അന്നത്തെ രാഷ്ട്രപതിയായിരുന്ന വി.വി. ഗിരിയിൽ നിന്നു സ്തുത്യർഹ സേവനത്തിനുള്ള അംഗീകാരപത്രവും വെള്ളിമെഡലും തോമസിനു ലഭിച്ചു. 12 വർഷക്കാലം കാണക്കാരി സർവ്വീസ് സഹകരണബാങ്കിൽ ഭരണസമിതിയംഗമായി പ്രവർത്തിച്ചിട്ടുണ്ട്, സഭാകാര്യങ്ങളിൽ യോഗപ്രതിനിധിയും കമ്മറ്റിയംഗവുമായി പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയപ്രവർത്തനത്തിൽ പ്രാദേശികനേതൃത്വം സ്വീകരിച്ചു പ്രവർത്തനം നടത്തിയിരുന്നു.



തുണ്ടത്തിലേട്ട് എം.പി. തോമസും ഭാര്യ റോസമ്മയും

1961 ജൂൺ മാസം 8നു തോമസ് മരങ്ങോലി ഇടവക പടിഞ്ഞാറെ ചൂരക്കുഴിയിൽ പൈലി-ഏലി മകൾ റോസമ്മയെ വിവാഹം ചെയ്തു. വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ തന്നെ ഒരു വലിയ കുടുംബത്തിന്റെ ചുമതല ഏറ്റെടുത്തു നടത്തേണ്ടി വന്ന തോമസിനു വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. മാതാപിതാക്കളെയും സഹോദരിയെയും അന്ത്യംവരെ ഭംഗിയായി ശുശ്രൂഷിച്ച് അവർക്കു സന്തോഷപ്രദമായ ഒരു ജീവിതം ഒരുക്കുവാൻ സഹധർമ്മിണിയും സഹായിച്ചു. രണ്ടു സ്കൂളുകളിലായി 33 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സർവ്വീസിൽനിന്നു വിരമിച്ച തോമസ് കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു. തോമസ് റോസമ്മ ദമ്പതികൾക്കു 4 ആൺമക്കളുമുണ്ട്. റോസമ്മ.

1. പോൾ 2.മാണി 3.ജോസഫ് 4. സെബാസ്റ്റ്യൻ

**1. പോൾ:** ഷാജി എന്നു വിളിക്കുന്ന പോൾ 1962 മെയ് 17-ാം തീയതി ജനിച്ചു. ഇംഗ്ലീഷിലും സോഷ്യോളജിയിലും ബിരുദാനന്തര ബിരുദം നേടിയ ശേഷം അയർലൻഡിൽ സോഷ്യൽ വർക്കറായി ജോലി ചെയ്യുന്നു. ഭാര്യ ഷേർലി മൂന്നിലവ് കപ്യാങ്കൽ ജോർജ്ജ് - ഏലിയാമ്മ ദമ്പതികളുടെ മകളാണ്. ഇവർക്ക്. രണ്ട് മക്കൾ.

1. ഷാരുൺ, 2. നിനിത

1. തോമസ് എന്നു പേരുള്ള ഷാരുൺ 1996 സെപ്റ്റംബർ 25ന് ജനിച്ചു. ഒന്നാം വർഷ ബിരുദവിദ്യാർത്ഥിയാണ്.

2. റോസ എന്നു പേരുള്ള നിനിത 1999 നംബർ 7ന് ജനിച്ചു. ഇപ്പോൾ 10-ാം ക്ലാസ്സിൽ പഠിക്കുന്നു.


2. മാണി : ജിജു എന്നു വിളിക്കുന്ന മാണി 1964 ഫെബ്രുവരി മാസം 4-ാം തീയതി ജനിച്ചു.ടെക്നിക്കൽ പഠനത്തിനു ശേഷം ഇംഗ്ലണ്ടിൽ ജോലി ചെയ്തു വരവെ രോഗബാധിതനായി നാട്ടിൽ വച്ച് 2009 ജൂൺ 17ന് നിര്യാതനായി. 20-ാം തീയതി കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിൽ സംസ്കരിച്ചു. കോതനല്ലൂർ അന്നടിക്കൽ ജോസഫ്-ത്രേസ്യാ മകൾ ലൈസമ്മയാണ് ഭാര്യ 3 മക്കൾ.

1. ജെംസീന 2. ജെഫീന 3. സാം

1. ജെംസീന - ജെംസീന എന്ന റോസ 1995 ജനുവരി 10ന് ജനിച്ചു. ഇപ്പോൾ രണ്ടാംവർഷ ബിരുദ വിദ്യാർത്ഥിനിയാണ്.

2. ജെഫീന - ത്രേസ്യ എന്നു പേരുള്ള ജെഫീന 1997 സെപ്റ്റംബർ 13ന് ജനിച്ചു. ഇപ്പോൾ ഒന്നാം വർഷ ബിരുദവിദ്യാർത്ഥിനിയാണ്.

3. സാം - തോമസ് എന്നു പേരുള്ള സാം 2005 ഡിസംബർ 8ന് ജനിച്ചു. ഇപ്പോൾ 5-ാം ക്ലാസ്സിൽ പഠിക്കുന്നു.


തുണ്ടത്തിലേട്ട്
അജീസൺ

**3. ജോസഫ് :** അജീസൺ എന്നു പേരുള്ള ജോസഫ് 1969 മാർച്ച് 4ന് ജനിച്ചു. കൊമേഴ്സ് ബിരുദാനന്തര ബിരുദം നേടി. 2006 നവംബർ 22-ാം തീയതി. ചേന്നാട് കൊന്നയ്ക്കൽ തോമസ്-അന്നമ്മ മകൾ ജെസ്സിയെ വിവാഹം ചെയ്തു. ജസ്സി അധ്യാപികയായി ജോലി ചെയ്യുന്നു.

**4. സെബാസ്റ്റ്യൻ** സൈജുസൺ എന്നു വിളിക്കപ്പെടുന്ന സെബാസ്റ്റ്യൻ 1972 മെയ് 27ന് ജനിച്ചു. ബിരുദം നേടിയ ശേഷം 2005 മെയ് 25ന് പള്ളിക്കത്തോട് ഞായറുകളം സ്കറിയ-

സോഫി മകൾ ഷൈബിയെ വിവാഹം ചെയ്തു. അയർലൻഡിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്. 1. എഡ്വിൻ

1. എഡ്വിൻ എന്നു വിളിക്കുന്ന തോമസ് 2009 മെയ് 31 ന് ജനിച്ചു.

## 2. അന്നമ്മ

എളൂക്കാല ഔസേപ്പിന്റെ മക്കളിൽ രണ്ടാമത്തെ ആളായ മങ്ക എന്നു വിളിച്ചിരുന്ന അന്നമ്മയെ കുറുമുള്ളൂർ ആര്യങ്കാലായിൽ നിരവത്ത് ലൂക്കാ വിവാഹം ചെയ്തു. 1930ൽ അന്നമ്മ നിര്യാതയായി. ഇപ്പോൾ ഹൈക്കോടതിയിൽ രജിസ്ട്രാർ ആയി ജോലി ചെയ്യുന്ന ലൂക്കാ ജോസഫും കോട്ടയം മുൻസിഫ് ആയി സേവനം അനുഷ്ഠിക്കുന്ന എൻ.ജെ. ജോസഫും അന്നമ്മയുടെ പൗത്രന്മാരാണ്. ഇവരിൽ ലൂക്കാ ജോസഫ് നിര്യാതനായി. എൻ.ജെ. ജോസഫ് ഇപ്പോൾ പത്തനംതിട്ട കോടതിയിൽ ജഡ്ജിയാണ്.

## 3. ചാക്കോ

എളൂക്കാലാ ഔസേപ്പിന്റെ പുത്രന്മാരിൽ രണ്ടാമനായ ചാക്കോ 1890ൽ ജനിച്ചു. ഒരു കൃഷിക്കാരനായി ജീവിതം ആരംഭിച്ച ചാക്കോ നല്ല അദ്ധ്വാനശീലനായിരുന്നു. പിതൃസ്വത്തായി ലഭിച്ച വള്ളോമ്പ്രപുരയിടത്തിൽ കൃഷിയിൽ വ്യാപൃതനായി ജീവിതകാലം കഴിച്ചു. ഏറ്റുമാനൂർ നെടിയകാലായിൽ മാമ്മി എന്നു വിളിച്ചിരുന്ന ഏലിയാമ്മയായിരുന്നു ഭാര്യ. 1961 നവംബർ മാസം 25-ാം തീയതി നിര്യാതനായ ചാക്കോയെ കൂടല്ലൂർപ്പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. ചാക്കോയുടെ മരണശേഷം വാഴത്തോപ്പിൽ മൂത്ത മകനോടൊപ്പം പോയ മാമ്മി 1966 ൽ നിര്യാതയായി. വാഴത്തോപ്പ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്കു രണ്ടാൺമക്കളും അഞ്ചു പെൺമക്കളുമുണ്ട്.

| | | | |
|---|---|---|---|
| 1 ജോസഫ് | 2 കുട്ടിപ്പെണ്ണ് | 3 അന്നമ്മ | 4 വർക്കി |
| 5 ഏലിയാമ്മ | 6 മേരി | 7 ചിന്നമ്മ | |

### 1. ജോസഫ്:

പാപ്പച്ചൻ എന്നു വിളിക്കുന്ന ജോസഫ് ചാക്കോയുടെ മൂത്തപുത്രനാണ്. പിതാവിന്റെ മരണശേഷം വാഴത്തോപ്പിലേക്കു

കുടിയേറിപ്പാർത്തു. കളത്തൂർ ആലപ്പാട്ടുകുടുംബമായ മറിയാമ്മയാണ് ഭാര്യ. ഇവർക്കു മൂന്നാൺമക്കളും മൂന്നു പെൺമക്കളുമുണ്ട്.ജോസഫ് 1999 ആഗസ്റ്റ് 29 തിന് നിര്യാതനായി.

**1. ചാക്കോ** – കുഞ്ഞച്ചൻ എന്നു വിളിക്കുന്ന ചാക്കോ ജോസഫിന്റെ മൂത്ത പുത്രനാണ്. ഇപ്പോൾ കാസർകോട്ട് ജില്ലയിൽ കൃഷിയിൽ വ്യാപൃതനായി കഴിയുന്നു. ഭാര്യ മേരി. ഈ ദമ്പതികൾക്ക 4 മക്കളുണ്ട്. ഇവരിൽ 2 പേർ കന്യാസ്ത്രീകളാണ്.

**2. തങ്കച്ചൻ:** ജോസഫിന്റെ രണ്ടാമത്തെ പുത്രനായ തങ്കച്ചൻ കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു. ഉടുമ്പന്നൂർ കുന്നുംപുറത്ത് ദേവസ്യാ-അന്നക്കുട്ടി ദമ്പതികളുടെ പുത്രി മേഴ്സിയാണു ഭാര്യ. ഇവർക്ക് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ട് .

**3. ജാൻസി :** ജോസഫിന്റെ പെൺമക്കളിൽ മൂത്തവളായ ജാൻസിയെ വിദ്യാഭ്യാസത്തിനുശേഷം വിവാഹം ചെയ്തയച്ചു.

**4. മിനി :** ജോസഫിന്റെ മക്കളിൽ നാലാമത്തവളായ മിനി കോളേജ് വിദ്യാർത്ഥിനിയാണ്.

**5. സാജു (സെബാസ്റ്റ്യൻ):** ജോസഫിന്റെ മക്കളിൽ അഞ്ചാമനായ സാജു സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു. ഭാര്യ സീബ. ഇവർക്കു രണ്ടുമക്കൾ രമിയ, ജീവ

**6. സോളി:** ജോസഫിന്റെ ഏറ്റം ഇളയമകളാണ് സോളി.

## 2) കുട്ടിപ്പെണ്ണ് :

എളൂക്കാല ചാക്കോയുടെ മൂത്തമകളാണ്. കുട്ടിപ്പെണ്ണിനെ കാഞ്ഞിരത്താനത്തു കണ്ണംകുളത്തേൽ മത്തായി വിവാഹം ചെയ്തു. ഇരുവരും കാസർകോടു ജില്ലയിൽ കുന്നംകൈ എന്ന സ്ഥലത്തു കുടിയേറിപ്പാർക്കുന്നു.ഇവർക്ക് രണ്ടാണും മൂന്നു പെണ്ണുമാണുള്ളത്. മകൻ ഫാ.സണ്ണി ഓസ്ട്രേലിയിയിൽ സേവനം ചെയ്യുന്നു.

## 3) അന്നമ്മ:

ചാക്കോയുടെ രണ്ടാമത്തവളായ അന്നമ്മയെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇടമറ്റത്തു വിവാഹം ചെയ്തയച്ചു.

### 4) വർക്കി:

ചാക്കോയുടെ ആൺമക്കളിൽ രണ്ടാമനായ വർക്കി പിതാവിന്റെ മരണശേഷം ഇടുക്കിജില്ലയിൽ കൊക്കരഗ്രാമത്തിലേക്കു താമസം മാറ്റി. ആർപ്പൂക്കര വില്ലൂന്നി ഇടവക കൈതപ്പാടം മത്തായിയുടെ മകൾ ത്രേസ്യാമ്മയാണു ഭാര്യ. 22.5.1994ൽ ത്രേസ്യാമ്മ നിര്യാതയായി. വാഴത്തോപ്പുപള്ളിയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്ക് ഒരാണും അഞ്ചുപെണ്ണും മക്കളുണ്ട്.

1 ജോസ് 2 മേരി 3 റജീന 4 ലിസി
5 എലിസബത്ത് 6 അന്നമ്മ

**1. ജോസ്:** വർക്കിയുടെ മൂത്തമകനായ ജോസ് സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു കഴിയുന്നു.

**2. മേരി:** വർക്കിയുടെ മൂത്തമകളായ മേരിയെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മണിപ്പാറ മാളിയേക്കൽ വർഗീസ് മകൻ ജോൺസൺ വിവാഹം ചെയ്തു.

**3. റെജീന** വർക്കിയുടെ പെൺമക്കളിൽ രണ്ടാമത്തവളായ റെജീനയെ വിവാഹം ചെയ്തയച്ചു.

**4. ലിസി:** വർക്കിയുടെ മക്കളിൽ നാലാമത്തെ ആളായ ലിസി വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കഴിയുന്നു.

**5. എലിസബത്ത് :** വർക്കിയുടെ മക്കളിൽ അഞ്ചാമത്തവളായ എലിസബത്ത് കോളേജ് വിദ്യാഭ്യാസം തുടരുന്നു.

**6. അന്നമ്മ :** വർക്കിയുടെ ഇളയമകളായ അന്നമ്മ സ്കൂൾ വിദ്യാർത്ഥിനിയാണ്.

### 5) ഏലിയാമ്മ

എളൂക്കാലാ ചാക്കോയുടെ മക്കളിൽ അഞ്ചാമത്തവളായ ഏലിയാമ്മയെ കളത്തൂർ കൊടിയം പ്ലാക്കിൽ വർക്കി വിവാഹം ചെയ്തു. 1994 മാർച്ചിൽ ഏലിയാമ്മ നിര്യാതയായി.

### 6) മേരി

ചാക്കോയുടെ മക്കളിൽ ആറാമത്തവളായ മേരിയെ കാട്ടാമ്പാക്ക് ഓരിൽ കുടുംബാംഗമായ വക്കച്ചൻ വിവാഹം ചെയ്തു.വക്കച്ചൻ 2013 ൽ നിര്യതനായി.

### 7) ചിന്നമ്മ

ചാക്കോയുടെ ഇളയമകളായ ചിന്നമ്മയെ അയർക്കുന്നംകരയിൽ പുതിയിടത്ത് തോമസ് വിവാഹം ചെയ്തു. ഇവർ കാസർകോടു ജില്ലയിൽ കോഴിച്ചാൽ എന്ന സ്ഥലത്തു താമസിക്കുന്നു.

## 4. തോമസ്

എളൂക്കാലാ ഔസേപ്പിന്റെ മക്കളിൽ നാലാമത്തവനായ തോമ്മാ എന്നു വിളിച്ചിരുന്ന തോമസ് സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മോട്ടോർവാഹനങ്ങൾ അപൂർവ്വമായിരുന്ന കാലത്തു ഡ്രൈവിംഗ് പഠിച്ചു. ലൈസൻസും ബാഡ്ജും കരസ്ഥമാക്കി. എങ്കിലും ഡ്രൈവിംഗ് ഒരു തൊഴിലായി സ്വീകരിച്ചില്ല. കൃഷിയും കൂടെ കച്ചവടവും ചെയ്തുപോന്നു. 1905ൽ കൂടല്ലൂർ ആലപ്പുംതട്ടേൽ ഏലിയെ വിവാഹം ചെയ്തു. വിവാഹാനന്തരം പിതൃസ്വത്തായി ലഭിച്ച കറുത്തപാറയിൽ പുരയിടത്തിൽ വീട് പണിത് താമസമാരംഭിച്ചു. മലഞ്ചരക്കും ജൗളിയും ആയിരുന്നു വ്യാപാരവസ്തുക്കൾ. പൊതുകാര്യങ്ങളിൽ തൽപരനായിരുന്ന തോമ്മാച്ചൻ മാളോല-കുരിശുമല-വെള്ളാരംപാറ റോഡ് നിർമ്മാണത്തിനു നേതൃത്വം നൽകി. 1988 ഫെബ്രുവരിമാസം 18-ാം തീയതി തോമസും 1991 ഏപ്രിൽ മാസം 5ന് ഏലിയും നിര്യാതരായി. ഇരുവരേയും രത്നഗിരി സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇവർക്കു നാലു പെൺമക്കളും ഒരു മകനും ഉണ്ട്.

1) റോസമ്മ
2) തെയ്യാമ്മ
3) അന്നമ്മ
4) ക്ലാര
5) ജോസഫ്



എളൂക്കാലായിൽ (കറുത്തപാറയിൽ) തോമസും ഭാര്യ ഏലിയും

**1. റോസമ്മ**

ശോശാമ്മ എന്നു വിളിക്കുന്ന റോസമ്മയെ വയലാ ഇട വക കല്ല്യാടിക്കൽ തോമസ് വിവാഹം ചെയ്തു. തോമസ് 2013 ഫെബ്രുവരി 15 നും റോസമ്മ 2011 ജനുവരി 9നും നിര്യാതരായി.

**2. തെയ്യാമ്മ**

തോമസിന്റെ രണ്ടാമത്തെ മകളായ തെയ്യാമ്മയെ ഐക്ക രച്ചിറ തൂമ്പുങ്കൽ ദേവസ്യാച്ചൻ വിവാഹം ചെയ്തു. ദേവസ്യാച്ചൻ 1994 ആഗസ്റ്റ് 9 ന് നിര്യാതനായി.

**3. അന്നമ്മ (സിസ്റ്റർ ഗബ്രിയേൽ)**

അന്നമ്മ എന്നു വിളിക്കുന്ന സി. ഗബ്രിയേൽ കറുത്തപാ റയിൽ തോമസിന്റെ മൂന്നാമത്തെ മകളാണ്. സ്കൂൾ വിദ്യാഭ്യാസ ത്തിനുശേഷം ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ സെന്റ് ആൻസ് സന്ന്യാസസിനീസഭയിൽ ചേർന്നു മിഷൻ പ്രവർത്തനം നടത്തുന്നു.

**4. ക്ലാര**

ബാല്യകാലത്തിൽത്തന്നെ മരണമടഞ്ഞു.

**5. ജോസഫ്**

തോമസിന്റെ ഏകമകനായ കുഞ്ഞ് എന്നു വിളിക്കുന്ന ജോസഫ് 1937 ഒക്ടോബർ മാസം 18 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാ സത്തിനു ശേഷം ആർമിയിൽ ചേർന്നു. ഇന്ത്യയിലെ വിവിധ ആർമി ക്യാമ്പുകളിലും ലഡാക്കിലും സേവനമനുഷ്ടിച്ചു. ഇന്ത്യ-ചൈനയുദ്ധത്തിലും 1965ലെ ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. 1971 മുതൽ NCC ട്രെയിനിംഗ് ഇൻസ്ട്രക്ടറായി സ്കൂളുകളിലും കോളേജുകളിലും നിയമിതനായി. അങ്ങനെവിദ്യാ ഭ്യാസസ്ഥാപനങ്ങളിലും ജോലി ചെയ്യുന്നതിനു സാധിച്ചു. സ്തുത്യർഹമായസേവനത്തിനു വാർമെഡലുകൾ ഉൾപ്പെടെ ഏഴി ലധികം മെഡലുകളും ബഹുമതികളും ലഭിച്ചിട്ടുണ്ട്. പതിനേഴര വർഷത്തെ സൈനികസേവനത്തിനുശേഷം ജോലിയിൽ നിന്നു വിരമിച്ചു. 1958ൽ ജോസഫിന്റെ ആദ്യവിവാഹം നടന്നു. മറ്റക്കര കരിമ്പാനിയിൽജോസഫ് മറിയം മകൾ ത്രേസ്യാമ്മയായിരുന്നു ആദ്യ ഭാര്യ. 1973 സെപ്റ്റംബറിൽ ത്രേസ്യാമ്മ നിര്യാതയായി.

വീണ്ടും 1974ൽ ഡിസംബർ മാസം 12-ാം തീയതി ജോസഫ് നെടുംകുന്നം കണ്ടംകേരിൽ ജോൺ-ത്രേ്യസ്യാമ്മ മകൾ ത്രേസ്യാമ്മയെ രണ്ടാം വിവാഹം ചെയ്തു. ത്രേ്യസ്യാമ്മ കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് നഴ്സിഗ് സൂപ്രണ്ടായി വിരമിച്ചു. കുറച്ചുകാലം യമനിലും നഴ്സായി ജോലി ചെയ്തിട്ടുണ്ട്. ജോസഫ് ഇപ്പോൾ കുടുംബകാര്യങ്ങളിലും പൊതുപ്രവർത്തനങ്ങളിലും ഏർപ്പെട്ടുകഴിയുന്നു. ജോസഫിന് ആദ്യവിവാഹത്തിൽ രണ്ടു പെണ്ണും രണ്ടാണും രണ്ടാം വിവാഹത്തിൽ രണ്ടു പെണ്ണും മക്കളുണ്ട്.



എളൂക്കാലായിൽ (കറുത്തപാറയിൽ) ജോസഫ് തോമസും കുടുംബവും സഹോദരിമാരോടും എബ്രാഹം ജോസഫ് എളൂക്കാലായോടുമൊപ്പം



എളൂക്കാലായിൽ (കറുത്തപാറയിൽ) ജോസഫ് തോമസും കുടുംബവും സഹോദരിമാരോടൊപ്പം

1. ടോം ജോസ് | 2. ക്ലാര | 3. ജോളി
4. ജയിൻ | 5. സിന്ധു | 6. സിമി

**1. ടോം ജോസ്** കുഞ്ഞുമോൻ എന്നു വിളിക്കുന്ന ജോസഫിന്റെ മൂത്ത മകനായ ടോം ജോസ് സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഉദ്യോഗം സ്വീകരിച്ചു ഡൽഹിയിൽ കഴിയുന്നു.

**2. ക്ലാര :** ലിസ്സി എന്നു വിളിക്കുന്ന ക്ലാര സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കടപ്ലാമറ്റത്ത് കൊച്ചയ്യങ്കാനയിലായ മാക്കീൽ മാത്യു വിവാഹം ചെയ്തു. അവർക്ക് 2 ആണും 1 പെണ്ണുമായി 3 മക്കൾ.

**3. ജോളി :** ജോളി എന്നു വിളിക്കുന്ന മേരി വിദ്യാഭ്യാസത്തന് ശേഷം ലാബ് ടെക്നീഷ്യൻ പഠിച്ച് ജോലിയായിരിക്കുമ്പോൾ ഡോ. ദുർഗേഷ്നെവിവാഹം ചെയ്ത് കല്യാൺ ദുർഗിൽ താമസിക്കുന്നു. ഡോ ദുർഗേഷ് പീഡിയാട്രീഷ്യനും കല്യാൺ ദുർഗ്ഗിൽ ആർ. ഡി. റ്റി. ഹോസ്പിറ്റലിൽ സൂപ്രണ്ട് ആയി ജോലി ചെയ്യുന്നു. ഇവർക്ക് 2 ആൺ കുട്ടികൾ. ഹർഷ ഹൈദരാബാദിൽ ഡിഗ്രിയ്ക്ക് പഠിക്കുന്നു അബി +2വിന് ശേഷം മെഡിസിന് പഠിക്കുന്നു.

**4. ജെയിൻ :** ജോസഫിന്റെ മക്കളിൽ നാലാമനായ ജെയിൻ ഐ.റ്റി.ഐ. പഠനത്തിന് ശേഷം കാളികാവ് മാറൊഴുകയിൽ അപ്പച്ചന്റെ മൂത്ത മകൾ ഷിജിയെ വിവാഹം ചെയ്തു. ഷിജി കടപ്പൂർ ഗവ. സ്കൂളിലെ അദ്ധ്യാപികയാണ്. അവർക്ക് 1 ആണും 1 പെണ്ണും ഉണ്ട്.



എളൂക്കാലായിൽ (കറുത്തപാറയിൽ) ജെയിനും കുടുംബവും സഹോദരങ്ങളോടൊപ്പം

1. ജോയൽ ജോസഫ്, 2. ആൻ മരിയ ജോസഫ് ഇവർ വിദ്യാർത്ഥികളാണ്.

**5. സിന്ധു:** ജോസഫിന്റെ മക്കളിൽ അഞ്ചാമത്തവളായ സിന്ധു എന്നു വിളിക്കുന്ന ഏലി നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി അപ്പോളോ ഹോസ്പിറ്റലിൽ ജോലിയായിരിക്കെ ഡോ. സഞ്ജയെ വിവാഹം ചെയ്തു. സഞ്ജയ് ആർമിയിൽ Col. ആണ്. ഇപ്പോൾ നെഫ്രോളജിയിൽ സ്പെഷ്യാലിറ്റി എടുത്തു. പൂനയിൽ കമാൻഡോ ആശുപത്രിയിൽ ജോലി ചെയ്യുന്നു. അവർക്ക് 2 ആൺമക്കൾ ഉണ്ട്.

**6. സിമി :** സിമി എന്നു വിളിക്കുന്ന ത്രേസ്യാമ്മ നഴ്സിംഗ് പഠനം പൂർത്തിയാക്കി ഹൈദരാബാദിൽ മെഡിസിറ്റി ആശുപത്രിയിൽ ജോലിയിലിരിക്കെ കമ്പ്യൂട്ടർ എൻജിനിയർ പ്രദീപിനെ വിവാഹം ചെയ്ത് ഹൈദരാബാദിൽ താമസിക്കുന്നു. ഇവർക്ക് 1 പെൺകുട്ടിയുണ്ട്.

## 5. സെബാസ്റ്റ്യൻ (കുട്ടിവൈദ്യൻ)

കുട്ടിവൈദ്യൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ എളൂക്കാലായിൽ ഔസേപ്പിന്റെ മക്കളിൽ അഞ്ചാമനാണ്.സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ആയുർവ്വേദവൈദ്യശാസ്ത്രത്തിലേക്കു തിരിഞ്ഞു പഠിച്ചു. പിതാവിന്റെ മൂത്ത ജേഷ്ഠൻ പൈലോയുടെ താൽപര്യവും പ്രോത്സാഹനവും ഇതിനു പ്രേരകമായി. തിരുവനന്തപുരം ആയുർവ്വേദകോളേജിൽ നിന്നു വൈദ്യകലാനിധി പാസ്സായശേഷം ചികിത്സാരംഗത്തെത്തിയ അദ്ദേഹം കുറഞ്ഞകാലംകൊണ്ടു പ്രശസ്തനായി. പാരമ്പര്യമായി കിട്ടിയ അറിവും കൈപ്പുണ്യവും അന്വേഷണപാഠവവും കർമ്മരംഗത്ത് ഒന്നാംനിരക്കാരനായിത്തീരുവാൻ അദ്ദേഹത്തെ സഹായിച്ചു. കുട്ടിവൈദ്യന്റെ ചികിത്സാപാടവം കേട്ടറിഞ്ഞ അനേകമാളുകൾചികിത്സക്കായി അദ്ദേഹത്തെ സമീപിച്ചിരുന്നു. SD ഫാർമസി ആലപ്പുഴ, കാളൻ നെല്ലായി ചാലക്കുടി, പനയ്ക്കൽ, കല്ലൂക്കുന്നേൽ വൈദ്യശാലകളിലും ജോലി നോക്കി പ്രശസ്തനായി. പിന്നീടു അതിരമ്പുഴ ആസ്ഥാനമാക്കി അദ്ദേഹം ആരംഭിച്ച ആര്യവൈദ്യശാലയ്ക്ക് ഏറ്റുമാനൂർ, ആനിക്കാട്, കൂടല്ലൂർ എന്നിവിടങ്ങളിൽ ശാഖകൾ ഉണ്ടായിരുന്നു. ചെറുകാട്ടിൽ രാമൻ വൈദ്യരും ആനിക്കാട്ട് കുഞ്ഞുകുട്ടി വൈദ്യരും കുട്ടിവൈദ്യന്റെ

വൈദ്യശാലകളിൽ സേവനം അനുഷ്ഠിച്ചിരുന്ന വൈദ്യന്മാരിൽ ചില രാണ്. തളർവാതം പിടിപെട്ട് അനങ്ങാൻ പോലും കഴിയാതെ നിരാ ശരായി കഴിഞ്ഞിരുന്ന അനവധി രോഗികളെ പ്രതിഫലേച്ഛകൂടാതെ ചികിത്സിച്ചു സുഖപ്പെടുത്താൻ കുട്ടിവൈദ്യനു കഴിഞ്ഞിട്ടുണ്ട്. 1949ൽ അദ്ദേഹം ഒരു തിരുമ്മുവൈദ്യശാലയും ഏറ്റുമാനൂരിൽ സ്ഥാപിച്ചു.



എളൂക്കാലായിൽ സെബാസ്ത്യനും (കുട്ടിവൈദ്യൻ) ഭാര്യ മറിയവും

സാമൂഹികസാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്ന തിനും കുട്ടിവൈദ്യൻ സമയം കണ്ടെത്തിയിരുന്നു. തിരുവിതാംകൂർ സംസ്ഥാന ഹിന്ദി പ്രചാരസഭ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഏറ്റു മാനൂർ പഞ്ചായത്തിന്റെ പ്രഥമ പഞ്ചായത്തു കമ്മറ്റിയിൽ കോൺഗ്രസ് ടിക്കറ്റിൽ അംഗമായി പ്രവർത്തിച്ചു. രണ്ടാമത്തെ പഞ്ചായത്തു കമ്മറ്റിയിൽ കോൺഗ്രസ് ടിക്കറ്റ് നിഷേധിച്ചതിനാൽ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ചു വൻപിച്ചഭൂരിപക്ഷത്തോടെ ജയിച്ചതും അദ്ദേഹത്തിന്റെ ജനസ്വാധീനത്തിന്റ തെളിവാണ്. വട്ടു കുളം ഏറ്റുമാനൂർ റോഡിന്റെ നിർമാണത്തിലും ഈ റോഡിന്റെ കാലാകാലങ്ങളിൽ ഉണ്ടാക്കിയ പുരോഗതിക്കും കണ്ണമല നീലക ണ്ഠകൈമൾസാറുമായി ഒത്തൊരുമിച്ചു പ്രവർത്തിച്ച രംഗം സ്മരി ക്കുന്നവരിൽ ചിലർ ഇന്നും ജീവിച്ചിരിക്കുന്നു. വൈദ്യശാലയിലേക്കു പോകുന്നതിനു മുൻപുള്ള സമയം നാട്ടിലെ പൊതുവായ കാര്യ ങ്ങളിൽ സഹപ്രവർത്തകരുമായി ചർച്ച ചെയ്യുന്നതിനും നാട്ടിലു ണ്ടാകുന്ന കേസുകളും വഴക്കുകളും പറഞ്ഞുതീർക്കുന്നതിനുമായി വിനിയോഗിച്ചിരുന്നു. പിതാവിന്റെ എളൂക്കാലാത്തറവാടു തന്നെ കുട്ടിവൈദ്യനു പിതൃസ്വത്തായി ലഭിച്ചു. തലയോലപ്പറമ്പ് കുമറ ത്തുശ്ശേരിൽ ജോൺ-അന്ന ദമ്പതികളുടെ പുത്രി മറിയം ആണ്

ഭാര്യ. കുട്ടി വൈദ്യൻ 1976 ജൂലായ് മാസം 12-ാം തീയതിയും മറിയം 1991 ആഗസ്റ്റ് മാസം 6-ാം തീയതി യും അന്തരിച്ചു. ഇരുവരെയും വെട്ടിമുകൾ പള്ളി സെമിത്തേരി കുടുംബകല്ലറയിൽ സംസ്കരിച്ചു. ഇവർക്കു മൂന്നാണും അഞ്ചുപെണ്ണും മക്കളുണ്ട്.

| | | | |
|---|---|---|---|
| 1 ജോസഫ് | 2 അന്നമ്മ | 3 ജോൺ | 4 മേരി |
| 5 പോൾ | 6 ത്രേസ്യ | 7 ക്ലാരി | 8 എമിലി. |

**1. ജോസഫ്**

കുഞ്ഞച്ചൻ എന്നു വിളിക്കുന്ന ജോസഫ് 1931 ഓഗസ്റ്റ് മാസം 24-ാം തീയതി ജനിച്ചു. സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഗുജറാത്തിൽ അഹമ്മദാബാദ് എന്ന സ്ഥലത്തു ബച്ചൻദാസ് ടെക്സ്റ്റൈൽസ് മില്ലിൽ ടെക്നീഷ്യനായി ജോലിയിൽ പ്രവേശിച്ചു. തുടർന്നു ഗുജറാത്തിലുള്ള പല മില്ലുകളിലും സേവനം അനുഷ്ഠിച്ചു. ജോസഫ് 1961 ജൂൺമാസം 15-ാം തീയതി കാളികാവു കുഴികണ്ടത്തിൽ സെബാസ്റ്റ്യൻ - ഏലി ദമ്പതികളുടെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ജോസഫും കുടുംബവും ഇപ്പോൾ അഹമ്മദാബാദിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. ഇവർക്കു മൂന്നു പെൺമക്കളും ഒരു മകനുമുണ്ട്.

1. സെബാസ്റ്റ്യൻ 2. മെർലിൻ 3. ബെറ്റി 4. ജാക്കി

**1. സെബാസ്റ്റ്യൻ :** ബെന്നി എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ ജോസഫിന്റെ മൂത്തമകനാണ്. 1962 ആഗസ്റ്റുമാസം 27-ാം തീയതി ജനിച്ചു. B.A ഡിഗ്രി പാസ്സായി. ഗുജറാത്തിൽ സെൻട്രൽ ഗവൺമെന്റു ഇൻകംടാക്സിൽ ജോലി ചെയ്യുന്നു. പറവൂർ ചെമ്മശ്ശേരി ഭവനത്തിൽ ജോസഫ്-ജോസഫീനാ ദമ്പതികളുടെ ഏക പുത്രി ജമയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പെൺമക്കളുണ്ട്.

1. മിഷേൽ 2. മേരി ആൻ.

**2. മെർലിൻ :** ജോസഫിന്റെ രണ്ടാമത്തെ മകളായ മെർലിൻ 1964 നവംബർ മാസം 7-ാം തീയതി ജനിച്ചു. B.A ഡിഗ്രി പാസ്സായി ഗുജറാത്തിൽ സെൻട്രൽ ഗവ.സർവ്വീസിൽ ജോലി ചെയ്യുന്നു. മെർലിനെ ഇലഞ്ഞി ഇരണ്യകുളത്ത് കുര്യൻ-മറിയം ദമ്പതികളുടെ പുത്രൻ ജോർജ്ജ് വിവാഹം ചെയ്തു. ജോർജ്ജും അഹമ്മദാബാദിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളുണ്ട്.

**3. ബെറ്റി :** ജോസഫിന്റെ മക്കളിൽ മൂന്നാമത്തവളായ ബെറ്റി 7.4.1967ൽ ജനിച്ചു. ബി.കോം പാസ്സായി. ഗുജറാത്തിൽ സെൻട്രൽ ഗവൺമെന്റ് സർവ്വീസിൽ ഇൻകം ടാക്സിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

**4. ജാക്കി** : ജോസഫിന്റെ ഇളയമകളായ ജാക്കി 15.7.1968ൽ ജനിച്ചു. ബികോം പാസ്സായി. ഇപ്പോൾ അമേരിക്കയിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. വിവാഹിതയാണ്. ഇവർക്ക് 1 ആണും 1 പെണ്ണും മക്കളായുണ്ട്.

## 2) അന്നമ്മ

കുട്ടിവൈദ്യന്റെ പെൺമക്കളിൽ മൂത്തവളായ അന്നമ്മ 1934 ആഗസ്റ്റുമാസത്തിൽ ജനിച്ചു. SSLC യും ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സും പാസ്സായശേഷം വിവിധ സ്കൂളുകളിൽ അദ്ധ്യാപികയായി ജോലി നോക്കി. ഏറ്റുമാനൂർ ആണ്ടുകുന്നേൽ കുടുംബാംഗമായ പുതുപ്പറമ്പിൽ പി.എൽ. ജോസഫ് അന്നമ്മയെ വിവാഹം ചെയ്തു. സഹകരണവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന ജോസഫ് ജോയിന്റ് രജിസ്ട്രാർ തസ്തികയിലിരുന്നു റിട്ടയർ ചെയ്തു. അന്നമ്മയും പെൻഷൻപറ്റി. ഇവർക്ക് രണ്ടാൺമക്കൾ മൂത്ത മകൻ  സാജൻ രണ്ടാമത്തെ മകൻ ഫാ. സാം സി.എം.ഐ.



ഫാ. സാം പുതുപ്പറമ്പിൽ CMI

### 3) ഡോ. ജോൺ

കുട്ടിവൈദ്യന്റെ ആൺമക്കളിൽ രണ്ടാമനായ ബേബി എന്നു വിളിക്കുന്ന ഡോ. ജോൺ 12.7.1938ൽ ജനിച്ചു. ഏറ്റുമാനൂർ ഗവ. ഹൈസ്കൂളിൽ നിന്ന് 1955ൽ SSLC പാസ്സായി. തുടർന്നു പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് 1960ൽ MSc ഡിഗ്രിയും 1970ൽ സസ്യശാസ്ത്രത്തിൽ ഡോക്ടറേറ്റും പ്രശസ്തമായ നിലയിൽ കരസ്ഥമാക്കി. 1984ൽ ലണ്ടനിലെ ലിയന്നയിൽ സൊസൈറ്റിയുടെ F.L.S ഡിഗ്രിയും ലഭിച്ചു. വിദ്യാഭ്യാസകാലത്തു 1963 മുതൽ 1965വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെയും 1965മുതൽ 1969 വരെ അമേരിക്കൻ ഗവൺമെന്റിന്റേയും റിസേർച്ച് ആൻഡ് ഫെല്ലോസ്കോളർഷിപ്പും അവാർഡും ലഭിച്ചിട്ടുണ്ട്. കൂടാതെ 1970ൽ Agriculturist of Canada 1971ൽ പൂൾ ഓഫീസർ CSIR (ഇൻഡ്യാ ഗവൺമെന്റ്) 1984ൽ അസോഷിയേറ്റ് ഇൻ സയൻസ് എഡ്യൂക്കേഷൻ (Newyork state, America) എന്നീ അവാർഡുകളും ലഭിച്ചിട്ടുണ്ട്.



എളൂക്കാലായിൽ ഡോ. ജോണും (ബേബി) കുടുംബവും യു.എസ്.എ.

1971 മുതൽ 1978 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ആയ്യുർവ്വേദ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ റിസേർച്ച് ഓഫീസറും സെക്ഷൻ മേധാവിയുമായി തിരുവനന്തപുരത്തും തമിഴ്നാട്ടിൽ പാളയം കോട്ടയിലും ജോലി നോക്കി. ഇതിനിടെ 6.5.1973ൽ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന പാലാ ഇല്ലിമൂട്ടിൽ കുരുവിള മേരിക്കുട്ടി ദമ്പതികളുടെ മകൾ ആലീസിനെ വിവാഹം

ചെയ്തു. ആലീസ് MSc ബിരുദധാരിയാണ്. പിന്നീട് 1978ൽ നൈജീരിയായിലേക്കു പോകുകയും അവിടെ കലാബാർ (CALABAR) യൂണിവേഴ്സിറ്റിയിൽ സീനിയർ ലക്ചററായി (അസി.പ്രൊഫസർ) 1986 വരെ ജോലി ചെയ്യുകയും ചെയ്തു. 1986ൽ ത്തന്നെ അമേരിക്കയിൽ ജോലി ലഭിച്ച അദ്ദേഹം അവിടെ ന്യൂയോർക്ക് സ്റ്റേറ്റിൽ ബോർഡ് ഓഫ് എഡ്യൂക്കേഷനിൽ നിന്നും റിട്ടയർ ചെയ്തു. ബേബി - ആലീസ് ദമ്പതികൾക്കു മൂന്നു പെൺമക്കളുണ്ട്.

1. മേരി 2. ആനി 3 സൂസന്ന

**1. മേരി :** താര എന്നു വിളിക്കുന്ന മേരി ബേബിയുടെ മൂത്ത മകളാണ്. 1974 നവംബർ മാസം 11-ാം തീയതി ജനിച്ചു. ഡോ. മേരി ജോൺ DDS, Dentist. ന്യൂയോർക്കിൽ പ്രാക്ടീസ് ചെയ്യുന്നു. ഭർത്താവ് ഡോ. റോബർട്ട് ലാലോർ - BDS, Dentist, ന്യൂയോർക്ക്. ഇവർക്ക് 3 മക്കളുണ്ട്.

**2. ആനി :** ബേബിയുടെ രണ്ടാമത്തെ മകളായ ആനി 21.8.1978ൽ ജനിച്ചു. Estee Lauder Company യിൽ ഫിനാൻസ് മാനേജറായി ജോലി ചെയ്യുന്നു. ഭർത്താവ് ഗ്യാരി ബ്രിങ്ക് (Manager, Barcloys Bank, Newyork). ഇവർക്ക് 2 മക്കളുണ്ട്.

**3. സൂസന്ന :** ബേബിയുടെ ഇളയമകളായ സൂസന്ന 22.5.1984ൽ ജനിച്ചു. സൂസൻ ജോൺ DPh. ഫിസിക്കൽ തെറാപ്പിസ്റ്റ് ആയി ജോലി നോക്കുന്നു. ബോസ്റ്റൺ, യൂഎസ്എ.

**4) മേരി**

കുട്ടിവൈദ്യന്റെ പെൺമക്കളിൽ രണ്ടാമത്തവളായ ലീല എന്നു വിളിക്കുന്ന മേരി 1939ൽ ജനിച്ചു. 1964ൽ വിവാഹിതയായി. ഭർത്താവ് സ്റ്റേറ്റ് ബാങ്ക് റീജനൽ മാനേജരായി റിട്ടയർ ചെയ്തു. ഇരുവരും തൃശൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. ഇവർക്ക് മൂന്നാണും ഒരു പെണ്ണുമുണ്ട്.

**5) പോൾ**

കുട്ടിവൈദ്യന്റെ ആൺമക്കളിൽ ഇളയവനായ ജോയി എന്നു വിളിക്കുന്ന പോൾ 1941 ൽ ജനിച്ചു. SSLC യും JDC യും പാസ്സായി. ഏറ്റുമാനൂർ സർവ്വീസ് സഹകരണബാങ്കിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ബാങ്കിന്റെ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. 1974 ഡിസംബർ മാസം ഒന്നാം തീയതി

തൊടുപുഴ-കുടയത്തൂർ കരയിൽ വേരുങ്കൽ തോമസ് റോസമ്മ ദമ്പതികളുടെ പുത്രി റോസമ്മയെ വിവാഹം ചെയ്തു. റോസമ്മയ്ക്കു BA ബിരുദമുണ്ട്. ഇവർക്കു നാലു പെണ്ണും രണ്ടാണും മക്കളുണ്ട്. പോൾ 1998 ജൂൺ ഒന്നാം തിയതി കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതദേഹം വെട്ടിമുകൾ സെന്റ് മേരീസ് പള്ളി കുടുംബകല്ലറയിൽ സംസ്കരിച്ചു.



എളൂക്കാലായിൽ
എം.ഡി. പോൾ (ജോയി)

1. രശ്മി 2. രോഷ്നി 3. അനുജ
4. സെബാൻ 5. ടോം 6. ജസ്നാ

**1. രശ്മി :** പോളിന്റെ മൂത്തമകളായ രശ്മി എന്നു വിളിക്കുന്ന മേരി 25.10.1976 ൽ ജനിച്ചു. BSc ഡിഗ്രിയും BTech. ബിരുദവും പാസ്സായി. കൂടാതെ എം.ബി. എ. പഠനവും കഴിഞ്ഞു.ഇപ്പോൾ കേരളാ ഗവൺമെന്റിന്റെ എജ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നു. കാരിത്താസ് പാക്കത്തുകുന്നേൽ മാത്യുവിന്റെയും ചിന്നമ്മയുടെയും മകൻ ബാബു വിവാഹം ചെയ്തു. കാരിത്താസിൽ താമസിക്കുന്നു.ഇവർക്ക് ഒരു മകനുണ്ട്

**2. രോഷ്നി:** രോഷ്നി എന്നുവിളിക്കുന്ന റോസമ്മ 23.10.1977 ൽ ജനിച്ചു. മാന്നാനം കെ.ഇ കോളേജിൽ നിന്നു ബി.എ ഡിഗ്രിയും അതിനുശേഷം എം എ സുവോളജി ഡിഗ്രിയും പാസ്സായി കൂടാതെ നഴ്സിംഗ് പഠനവും കഴിഞ്ഞു. കുറവിലങ്ങാട് കരിപ്പുകാലായിൽ മാത്യുവിന്റെയും ആലീസിന്റെയും മകൻ ബോബി മാത്യുവിനെ വിവാഹം ചെയ്ത് ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്നു. ഇവർക്ക് ഒരു മകനുണ്ട്

**3. അനുജ :** അനുജ എന്നു വിളിക്കുന്ന അന്നമ്മ 12.7.1980ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം കംപ്യൂട്ടർ കോഴ്സും ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രിയും കഴിഞ്ഞ് കട്ടപ്പന തോലാനിയ്ക്കൽ ജോർജ്ജിന്റെയും മിറയക്കുട്ടിയുടെയും മകൻ ബെന്നിയെ വിവാഹം ചെയ്ത് കട്ടപ്പനയിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു കുട്ടികളുണ്ട്.

**4. സെബാൻ :** സെബാൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 16.8.1981ൽ ജനിച്ചു. പോളിടെക്നിക് വിദ്യാഭ്യാസത്തിനുശേഷം കംമ്പ്യൂട്ടർ കോഴ്സിൽ സോഫ്റ്റ് വെയറും ഹാർഡ് വെയറും പാസായി ഇപ്പോൾ ഏറ്റുമാനൂരിൽ സ്വന്തമായി സെബയോൺ കംപ്യൂട്ടേഴ്സ് എന്ന പേരിൽ കംമ്പ്യൂട്ടർ ബിസിനസ് നടത്തുന്നു. അതിരമ്പുഴ മുറിയ്ക്കൽ വീട്ടിൽ ഷാജി ജോർജിന്റെയും ഗ്രേസി ഷാജിയുടെയും മകൾ ശിൽപ്പയെ വിവാഹം ചെയ്തു. ശിൽപ്പ ബിടെക് ബിരുദധാരിയാണ്. ഇവർക്ക് ഒരു മോനുണ്ട്. പോൾ എം. സെബാൻ.



എളൂക്കാലായിൽ സെബാനും കുടുംബവും മാതാവ് റോസമ്മയോടും സഹോദരങ്ങളോടുമൊപ്പം

1. പോൾ എം. സെബാൻ: പോൾ എന്നു വിളിക്കുന്ന പോൾ എം. സെബാൻ 22.03.2014 ൽ ജനിച്ചു.

**5. ടോം :** ടോം എന്നു വിളിക്കുന്ന തോമസ് 23.8.1985 ൽ ജനിച്ചു. എം.എസ്.സി. വിദ്യാഭ്യാസത്തിനുശേഷം മീറ്ററിൽ വൈദീകരുടെ സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു.

**6. ജസ്നാ:** ജസ്നാ എന്നു വിളിക്കുന്ന അൽഫോൻസാ പോളിന്റെ ഏറ്റവും ഇളയമകളാണ്. 30.10.1987 ൽ ജനിച്ചു. നഴ്സിംഗ് വിദ്യാഭ്യാസത്തിനു ശേഷം ലക്നൗവിൽ ഫാത്തിമാ കോളേജ് ഓഫ് നേഴ്സിംഗിൽ പ്രിൻസിപ്പളായി ജോലി ചെയ്യുന്നു.

## 6) ഗ്രേസി

കുട്ടിവൈദ്യന്റെ മക്കളിൽ ആറാമത്തവളായ ഗ്രേസി ബിരുദവും സഹകരണത്തിൽ ഡിപ്ലോമാക്കോഴ്സും പാസ്സായി. കേരള

സംസ്ഥാനസഹകരണബാങ്കിൽ അസി. ഗ്രേഡ് ഓഫീസറായി റിട്ട യർ ചെയ്തു. ഗ്രേസിയെ മണർകാട് ഒരുങ്കണ്ടത്തിൽ അബ്രഹാം വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കളുണ്ട്.

### 7) സി. ക്ലാരിസ്

കുട്ടിവൈദ്യന്റെ പെൺമക്കളിൽ നാലാമത്തവളും ഇരട്ടക ളിൽ മൂത്തവളുമായ ക്ലാരിസ് കോളജ് വിദ്യാഭ്യാസത്തിനുശേഷം എക്സറേയും ലാബ് ടെക്നീഷ്യൻ കോഴ്സും പാസ്സായി. 1975ൽ കൂത്രപ്പള്ളിയിലുള്ള അഡറേഷൻ കോൺവെന്റിൽ ചേർന്നു കന്യാ സ്ത്രീയായി. 1995 മെയ് അവസാനം ഉപരിപഠനത്തിനായി ജർമ്മ നിയിലേക്കു പോയി. പഠനശേഷം ജർമ്മനിയിൽ തന്നെ സേവനം ചെയ്യുകയും 2015 ൽ ഉണ്ടായ അസുഖത്തെ തുടർന്ന് തിരികെ കൂത്ര പ്പള്ളി അഡറേഷൻ കോൺവെന്റിലേക്ക് മടങ്ങിയെത്തി.

### 8) എമിലി

കുട്ടിവൈദ്യന്റെ പെൺമക്കൾ ഇരട്ടകളിൽ ഇളയവളായ എമിലി SSLC പാസ്സായശേഷം മൂത്തസഹോദരൻ കുഞ്ഞച്ചനോ ടൊപ്പം അഹമ്മദാബാദിൽ താമസമാക്കി. അവിടെ പോലീസ്വകു പ്പിൽ അക്കൗണ്ടന്റായി സേവനം അനുഷ്ഠിച്ചശേഷം സർവ്വീസിൽ നിന്നു വിരമിച്ചു. 1982ൽ ചേർപ്പുങ്കൽ കുന്നത്തേടത്തു പൈലോ യുടെ പുത്രൻ ആഗസ്തി(ബേബി) എമിലിയെ വിവാഹം ചെയ്തു. ഇദ്ദേഹം ഗുജറാത്തിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് ആൺ മക്കളുണ്ട്.

## 6. അബ്രഹാം

എളൂക്കാലായിൽ ഔസേപ്പ് അന്ന ദമ്പതികളുടെ മക്കളിൽ ഇളയവനായ കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന അബ്രഹാം 1907ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം കൃഷിയിൽ ഏർപ്പെട്ടു. ആലപ്പുംത ട്ടേൽ മാണി മറിയം മകൾ ഏലിയെ വിവാഹം ചെയ്തു. പിതൃസ്വ ത്തായി ലഭിച്ച വീടും പുരയിടങ്ങളും വിറ്റ് ഇടുക്കിജില്ലയിൽ വാഴ ത്തോപ്പു പ്രദേശത്തു കുടിയേറിപ്പാർത്തു കൃഷിയും തുടങ്ങി. കൃഷി അഭിവൃദ്ധിപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇരുവരും നിര്യാ തരായി. എബ്രഹാം-ഏലി ദമ്പതികൾക്കു മൂന്നു പെൺമക്കളും ഒരാണും ഉണ്ട്.

1 ജോസഫ് 2 അന്നമ്മ 3 മേരി 4 ത്രേസ്യാ



എളൂക്കാലായിൽ എബ്രാഹവും (കുഞ്ഞൂഞ്ഞ്) ഭാര്യ ഏലിയും

**1. ജോസഫ് :** കുഞ്ഞ് എന്നു വിളിക്കുന്ന ജോസഫ് SSLC പാസ്സായ ശേഷം LIC ഏജന്റായി. അതൊടൊപ്പം കൃഷികാര്യങ്ങളിൽ പിതാവിനെസഹായിക്കുകയും കൃഷി അഭിവൃദ്ധിപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്തു. തലയോലപ്പറമ്പ് സെന്റ് ജോർജ് ഇടവക കുമർത്തുശേരിൽ വർഗീസ് – മറിയക്കുട്ടി ദമ്പതികളുടെ പുത്രി അന്നക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്കു രണ്ടാണും 5 പെണ്ണും മക്കളായുണ്ട്. കുഞ്ഞ് 2004 ജൂൺ 4 ന് നിര്യാതനായി. മൃതദേഹം വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

| | | | |
|---|---|---|---|
| 1. എലിസബത്ത് | 2. എബി | | 3. ജിബി |
| 4. മെജി | 5. റെജി | 6. അജി | 7. ക്ലെജി |

**1. എലിസബത്ത് :** ജോസഫിന്റെ മൂത്തമകളായ എലിസബത്ത് BA, B.Ed പാസ്സായി. 28.4.1993 ൽ പൂവളത്തിപ്പു മണലുങ്കൽ പള്ളി ഇടവക കുഴിപ്പള്ളിൽ ബെന്നി എലിസബത്തിനെ വിവാഹം ചെയ്തു. ഇപ്പോൾ സെന്റ് ജെറോം സ്കൂളിൽ വെള്ളയാംകുടി അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

**2 എബി :** ജോസഫിന്റെ മൂത്ത മകനായ എബി PDC യും ഇലക്ട്രോണിക് ഡിപ്ലോമാകോഴ്സും പാസ്സായി ഇപ്പോൾ അബുദാബിയിൽ ഇലകട്രോണിക് മെക്കാനിക്കായി ജോലി ചെയ്യുന്നു. ഭാര്യ ജയിൻ നഴ്സായി അബുദാബിയിൽ ജോലി ചെയ്യുന്നു. തോപ്രാംകുടി ഓലിക്കൽ മത്തായി-റോസമ്മ ദമ്പദികളുടെ മകളാണ് ജയിൻ.

**3. ജിബി :** ജോസഫിന്റെ രണ്ടാമത്തെ മകനായ ജിബി PDC വിദ്യാഭ്യാസത്തിനു ശേഷം LIC എജന്റായി പ്രവർത്തിക്കുന്നു. ഭാര്യ ജാസ്മിൻ പാറത്തോട് കൊച്ചുപുരയ്ക്കൽ പീറ്റർ -അന്നക്കുട്ടി മകൾ. ഇവർക്ക് രണ്ടു മക്കൾ ഒരാണും ഒരു പെണ്ണും

**4. സി. മെർജി :** ജോസഫിന്റെ പെൺമക്കളിൽ രണ്ടാമത്തവളായ മെർജി SSLC യും ലാബ് ടെക്നീഷ്യൻ കോഴ്സും പാസ്സായി. കന്യാവ്യതം സ്വീകരിച്ച് CMC സഭയിൽ ചേർന്നു. ഇരിങ്ങാലക്കുട രൂപതാ പ്രോവിൻസിനുവേണ്ടി ഇറ്റലിയിൽ സേവനമനുഷ്ഠിക്കുന്നു.

**5. ടെജി.** ജോസഫിന്റെ പെൺമക്കളിൽ മൂന്നാമത്തവളായ ടെജി ഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കി. പന്ന്യാർകുട്ടി അലക്സാണ്ടർ മേരി മകൻ സജി വിവാഹം ചെയ്തു.

**6. അജി:** ജോസഫിന്റെ പെൺമക്കളിൽ നാലാമത്തവളായ അജിയെ പള്ളിക്കുഴി പേഴുകാട്ടിൽ വർക്കി ഏലിക്കുട്ടി മകൻ ഷാജി വിവാഹം ചെയ്തു. ഇവർക്ക് 1 പെണ്ണും 1 ആണും മക്കളായുണ്ട്.

**7. ക്ലെജി :** ജോസഫിന്റെ ഇളയമകളായ ക്ലെജിയെ പണിക്കൻകുടി വർക്കി-റോസമ്മ മകൻ ഷാജൻ വിവാഹം ചെയ്തു. ഇവർക്ക് 3 ആൺമക്കളുണ്ട്.

## 2) അന്നമ്മ

അബ്രഹാം-ഏലി ദമ്പതികളുടെ പെൺമക്കളിൽ മൂത്തവളായ അന്നമ്മയെ മൂവാറ്റുപുഴ തോട്ടക്കര തടത്തിൽ വർഗീസ് വിവാഹം ചെയ്തു. അവർക്ക് മൂന്നാണും ഒരു പെണ്ണുമാണുള്ളത്.

## 3) മേരി

അബ്രഹാം ഏലി ദമ്പതികളുടെ പെൺമക്കളിൽ രണ്ടാമത്തവളായ മേരിയെ മൂവാറ്റുപുഴ പെരിങ്ങഴ, മാങ്ങഴ മാത്യു വിവാഹം ചെയ്തു. മേരിക്ക് രണ്ടാണും രണ്ടു പെണ്ണുമാണുള്ളത്.

## 4) സിസിലി

സിസിലി എന്നു വിളിക്കുന്ന ത്രേസ്യാ അബ്രഹാമിന്റെ ഇളയമകളാണ്. 1953 ജൂൺ മാസം 15-ാം തീയതി ജനിച്ചു. ചെറുവാണ്ടൂർ കാഞ്ഞിരം നിൽക്കും തെക്കേതിൽ ഫിലിപ്പ് വിവാഹം ചെയ്തു. ഇവർക്ക് 2 ആൺമക്കളുണ്ട്.